മിസ്റ്റർ പി. എ. മഹമ്മദു് അഷ്റഫ്: ടക്കിയിലും അതുതന്നെയാണു്. പിതാവിന്റേ യും മാതാവിന്റേയും സ്വത്തുക്കൾക്കു പുത്രനെന്നും പുത്രിയെന്നും ഉള്ള വ്യത്യാസംകൂടാതെ ഒരുപോലെ വീതിച്ചുകൊടുക്കണമെന്നുമാത്രമാണു് ഈ ബില്ലുകൊണ്ടു് അനുശാസിക്കുന്നതു്. എന്നാൽ മുസ്ലിമീങ്ങളുടെ ദായക്രമം കുറച്ചുകൂടി വികസനമുള്ളതാണു്. മാതാവിന്റേയും പിതാവിന്റേയും സ്വത്തുക്കൾക്കു മാത്രമല്ല മുസ്ലിമീങ്ങൾക്കു ദായക്രമം അനുവദിച്ചിട്ടുള്ളതു്. മറ്റു ചിലരുടെ സ്വത്തുക്കൾക്കു കൂടിയുണ്ടു്. ആരുടേതായാലും ഒരു പുരുഷനു് എത്ര അംശം കൊടുക്കുന്നുവോ അതിന്റെ പകുതിയായിരിക്കും ഒരു സ്ത്രീക്കു് ആ സ്വത്തിൽനിന്നും കൊടു ക്കുന്നതു്. ഇങ്ങനെ കൊടുക്കുവാൻ ചില കാരണങ്ങളും ഉണ്ടു്. പുരുഷനാകട്ടെ സ്ത്രീയാക ട്ടെ സ്വത്തുടമസ്ഥന്റെ സ്വത്തുക്കൾക്കു ജനനാൽതന്നെ അർഹരാകുന്നില്ല. സ്വത്തുടമസ്ഥൻ ഈ ലോകത്തുനിന്നു തിരോധാനം ചെയ്തതിനുശേഷമാണു് അയാളുടെ അനന്തിരാവകാശി കൾക്കു ആ സ്വത്തിന്മേലുള്ള അവകാശം ലഭ്യമാകുന്നതു്. അതായതു് ഒരു പിതാവു നിലവിലിരിക്കെ മകനോ മകൾക്കോ അയാളുടെ സ്വത്തിൽ അവകാശ മില്ല. ഭർത്താവു്, ഭാര്യ, പുത്രൻ, പുത്രി, പിതാവു്, മാതാവു് ഇങ്ങിനെ ഏറ്റവും അടുത്ത അവകാശികൾക്കു പോലും സ്വത്തുടമസ്ഥൻ മരിച്ചതിനു ശേഷമാണു് അവന്റെ സ്വത്തു് അനുഭവിക്കാനുള്ള അധികാരം കിട്ടുന്നതു്. ആ സ്വത്തു് അവകാശികളിൽ രണ്ടോഹരി പുരുഷനും ഒരോഹരി സ്ത്രീയും വീതം അനുഭവിക്കുന്നു. ഒരു പിതാവു് മരിച്ചു എന്നിരിക്കട്ടെ. അയാൾക്കു ഒരു പുത്രനും ഒരു പുത്രിയും ഉണ്ടെ ങ്കിൽ ആകെയുള്ള സ്വത്തിൽ രണ്ടുവീതം പുത്രനും ഒരു വീതം പുത്രിക്കുമായി വീതിക്കുക എന്ന അടിസ്ഥാനത്തിന്മേലാണു് മുസ്ലിം ദായക്രമം അനുശാസിക്കുന്നതു്. ഇങ്ങിനെ സ്ത്രീയും പുരുഷനും തമ്മിൽ ദായക്രമത്തിൽ വ്യത്യാസം വരുവാൻ ഉള്ള കാരണങ്ങളിൽ ചിലതു് പ്രസ്താവിക്കാം. ഒരു സ്ത്രീ കല്യാണം കഴിച്ചു കഴിഞ്ഞാൽ അന്നുമുതൽ ഭർത്താ വിന്റെ വീട്ടിലെ ഒരംഗമാണു്. എങ്കിലും ഈ സ്ത്രീ തന്റെ സ്വന്തം മാതാവിന്റേയും പിതാവിന്റേയും കുടുംബവുമായിട്ടുള്ള ബന്ധം തീരെ വിട്ടുപോകുന്നില്ല. യഥാർത്ഥ ത്തിൽ ഈ സ്ത്രീയെ പോറ്റേണ്ടതും ഈ സ്ത്രീക്കു സകലവിധത്തിലുമുള്ള രക്ഷ കൊടുക്കേ ണ്ടതും ഭർത്താവിന്റെ വീട്ടുകാരാണു്. എങ്കിലും ഈ സ്ത്രീ മാതാവിന്റേയും പിതാവി ന്റേയും കുടുംബത്തിലെ, സ്വന്തം കുടുംബത്തിലെ അംഗമല്ലാതായി തീരുന്നുമില്ല. എ ന്നാൽ ധനസംബന്ധമായ കാര്യങ്ങൾ നോക്കുമ്പോൾ കല്യാണം കഴിഞ്ഞ സ്ത്രീ, കല്യാണം കഴിഞ്ഞ സമയം മുതൽതന്നെ ഭർത്താവിന്റെ കുടുംബത്തിലെ അംഗവുമാണു്. ഭർത്താവു് മരിച്ചശേഷവും ആ സ്ത്രീക്കു ഭർത്താവിന്റെ കുടുംബത്തിൽ ചില അവകാശങ്ങളുണ്ടു്. ഭർത്താ വിന്റെ മരണശേഷം ഭാര്യക്കു ഭർത്താവിന്റെ സ്വത്തുക്കളിൽ ഏറിലൊന്നു് അവകാശം കിട്ടുന്നു. ഭർത്താവു ജീവിച്ചിരിക്കുമ്പോൾ ഭാര്യയുടെ സ്വർച്ചിലവുകളും ഭർത്താവാണു് നിർവ്വ ഹിക്കേണ്ടതു്. സ്ത്രീക്കു എത്ര സ്വത്തുണ്ടെങ്കിലും, പുരുഷനു് യാതൊരുവിധത്തിലുള്ള സ്വ ത്തു് ഇല്ലാതിരുന്നാലും, ആ സ്ത്രീയെ തന്റെ സ്വന്തം പ്രയത്നം കൊണ്ടുതന്നെ തീറ്റി പോ റ്റേണ്ട ചുമതല ഭർത്താവിനാണു്. തന്റെ കുടുംബത്തേയും ഭാര്യയേയും കുട്ടികളേയും തന്റെ സകല കഴിവുകളും ഉപയോഗിച്ചു് പുലർത്തേണ്ടതായ ചുമതല നിയമം മൂലം ഭ ർത്താവിൽ ചുമത്തിയിരിക്കുമ്പോൾ പുരുഷനു സ്ത്രീയേക്കാൾ കൂടുതൽ എന്തെങ്കിലും കി ട്ടേണ്ടതു് ന്യായമാണെന്ന കരുതിയിട്ടാണു് പുരുഷനു് രണ്ടുവീതവും സ്ത്രീക്കു് അതിൽ പ കുതിയും വെച്ചിട്ടുള്ളതു്. ഇങ്ങിനെ എടുത്തുകൊണ്ടു നോക്കുമ്പോഴും പലവിധത്തിലും ന്യായമായിട്ടുള്ള, നീതിയായിട്ടുള്ള ഒരു നിയമമാണു് ഇസ്ലാം ഉൽഘോഷിക്കുന്നതെന്നാണു് എന്റെ വിശ്വാസം. ഇപ്രകാരമുള്ള കാരണങ്ങൾ കൊണ്ടാണു് ഞാൻ ഈ ബില്ലിനെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. A. Mohamed Ashroff]

എന്റെ സമുദായത്തെ സംബന്ധിച്ചിടത്തോളം എതുക്കുന്നതു്. ഞാൻ ഈ ബില്ലിനെ എതുക്കുമ്പോൾ ഇതിനെ പാടെ നിഷ്കാസനം ചെയ്യണമെന്നല്ല പറയുന്നതു്. എന്റെ അഭിപ്രായം ഇതാണെങ്കിലും എന്റെ സമുദായത്തിനു ഈ ബില്ലിനോടു് അനുകൂലമല്ല മുണ്ടെന്നു കാണുന്നപക്ഷം ഞാൻ അവരുടെ അഭിപ്രായത്തോടു യോജിക്കുവാൻ തയ്യാറാണു്. അതുകൊണ്ടു ഈ ബിൽ സിലക്ട് കമ്മിറ്റിക്കയച്ചു് യാഥാർത്ഥപൊതുജനാഭിപ്രായം അറിഞ്ഞു് അതനുസരിച്ചു് ഈ സഭ ഈ ബിൽ പാസ്സാക്കുകയൊ തള്ളിക്കളയുകയൊ ചെയ്യേണ്ടതാണു്.

മിസ്റ്റർ പി. കെ. ഡീവർ: സർ, ഈ ബിൽ പ്രധാനമായിട്ടു് ക്രസ്ത്യാനികളെ മാത്രമെ ബാധിക്കുകയുള്ളു എന്നു തോന്നിപ്പോകും. വാസ്തവത്തിൽ അങ്ങിനെയല്ല. വളരെ അധികം സമുദായങ്ങളെ ബാധിക്കുന്ന ഒരു ബില്ലാണിതു്. ദായക്രമം എന്താണെന്നുള്ളതിനു വ്യവസ്ഥിതമായ ഒരു നിയമമില്ലാത്തതുകൊണ്ടു് നിശ്ചയമില്ലാതിരിക്കുന്ന വലിയ തർക്കങ്ങൾക്കും വലിയ കേസുകൾക്കും നിദാനമായിട്ടുള്ള പല സംഭവങ്ങളും മറ്റു പല സമുദായങ്ങളിലും ഉണ്ടായിട്ടുണ്ടു്. ആ കൂട്ടത്തിൽപെട്ട ഒരു സമുദായത്തിലെ ഒരംഗമാണു് ഞാൻ. എന്റെ സമുദായത്തിലെ ദായക്രമമെന്താണെന്നു ചോദിച്ചാൽ വ്യവസ്ഥിതമായ ഒരു ദായക്രമമുള്ളതായി പറയുവാൻ നിവൃത്തിയില്ല. ചില ആളുകളിൽ മരുമക്കത്തായവും ചില ആളുകളിൽ മക്കത്തായവുമുണ്ടു്. ഞാൻ ഉൾപ്പെട്ടുന്ന സമുദായത്തിൽ പെട്ടവരിൽ വലിയൊരു വിഭാഗത്തിനു് മിക്കവാറും, തീയ്യരായും മക്കത്തായവും എതാണ്ടു് മിതാക്ഷരനിയമവുമാണു് ബാധകമായിട്ടുള്ളതു്. മിതാക്ഷരനിയമം അവർക്കു് ബാധകമാണൊ എന്നു തോന്നുന്നില്ല. ആചാരം മൂലം അതാണു് അവർക്കു് ബാധകം എന്നു വിശ്വസിക്കുന്നവരുണ്ടു്. പക്ഷെ വ്യവസ്ഥിതമായ ഒരു അവകാശക്രമം അവർക്കുണ്ടാക്കുവാൻ കഴിഞ്ഞതിട്ടില്ല. പല കേസ്സുകളും എന്റെ സമുദായത്തിൽനിന്നു് ഹൈക്കോടതിവരെ പോയിട്ടുണ്ടു്. ഒന്നരണ്ടു കേസ്സുകൾ ഹൈക്കോടതിവരെ പോയിട്ടുള്ളതായി എനിക്കറിയാം. എന്റെ സ്വന്തം കുടുംബത്തെ സംബന്ധിച്ചു് ഹൈക്കോടതിയിൽ കേസ്സുണ്ടായിട്ടുണ്ടു്. ഹൈക്കോട്ടുവിധി വെച്ചുനോക്കുമ്പോൾ മരുമക്കത്തായികളല്ല എന്നു പറയുന്നുണ്ടു്. എന്നാൽ മക്കത്തായികളാണെന്നു വിശദമായി പറയുന്നുമില്ല. എന്റെ സ്നേഹിതൻ മിസ്റ്റർ രാഘവന്റെ സമുദായത്തിൽപെട്ട സ്ത്രീകൾക്കു സ്വത്തിൽ അവകാശമേയില്ല എന്നാണു് പലരും വിശ്വസിക്കുന്നതു്. അവിടെയും ഖണ്ഡിതമായ ഒരു നിലയില്ല. അതുകൊണ്ടു് സ്ത്രീകളെ സംബന്ധിച്ചിടത്തോളം സ്വത്തിൽ എന്തവകാശമാണു് അവർക്കുള്ളതു് എന്നുള്ളതിനു് ഒരു വ്യവസ്ഥയുണ്ടാകേണ്ടതു് ആവശ്യമാണു്. ക്രസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഒരു പക്ഷെ ഈ ബിൽ ഇല്ലെങ്കിലും ഒരു വിഷമവും ഉണ്ടാവുകയില്ല. അവരെ സംബന്ധിച്ചിടത്തോളം ഒപ്പം വേണോ കൂടുതൽ വേണോ എന്നുള്ള തർക്കമേയുള്ളു. ചില സമുദായങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീകൾക്കു തീരെ അവകാശമില്ലെന്നു വിശ്വസിക്കുന്ന ആളുകളുണ്ടു്. വടക്കൻ കൊച്ചിയിൽ മക്കത്തായ തീയ്യരെ സംബന്ധിച്ചിടത്തോളം സ്ത്രീകൾക്കു തീരെ അവകാശമില്ലെന്നു വിശ്വസിക്കുന്നവരുണ്ടു്. എന്നാൽ ഇപ്പോൾ അവർക്കു ഒരൊത്തുതീർപ്പിന്റെ ഫലമായി പകുതി വീതം കൊടുക്കാമെന്നു വെച്ചിട്ടുണ്ടു്. സ്ത്രീകൾക്കു് അവകാശം കൊടുക്കുവാൻ ഏതെങ്കിലും ഒരു നില ഈ നിയമംകൊണ്ടു വരുകയാണെങ്കിൽ ഈവക സമുദായങ്ങൾക്കു വളരെ പ്രയോജനകരമായ വിധത്തിൽ ഒരു വ്യവസ്ഥയുണ്ടാക്കുവാൻ സഹായിക്കുമെന്നുള്ള നിലയിലാണു് ഞാൻ ഈ ബില്ലിനെ വീക്ഷിക്കുന്നതു്.

നാം സ്വാതന്ത്ര്യങ്ങളെപ്പറ്റിയും മറ്റും പലതും പറയുന്നുണ്ടു്. എന്നാൽ മനുഷ്യനു് വേണ്ടതായ ഏറ്റവും വലിയ സ്വാതന്ത്ര്യം സാമ്പത്തികസ്വാതന്ത്ര്യമാണു്. ഇന്നു സ്ത്രീകൾക്കുള്ള എല്ലാ അവശതകളും സാമ്പത്തികസ്വാതന്ത്ര്യമില്ലാത്തതുകൊണ്ടുണ്ടായിട്ടുള്ളതാണു്. ഭാരതത്തിനു രാഷ്ട്രീയസ്വാതന്ത്ര്യം കൈവന്ന എന്നു നാമെല്ലാം ആമോദിച്ചുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽപോലും ഭാരതത്തിലെ ജനത അതുകൊണ്ടു തൃപ്തിപ്പെടാതെ അതിനെതിരായി നിന്നുകൊണ്ടു് മനുഷ്യനു ഏറ്റവും ആവശ്യമായ സാമ്പത്തികസ്വാതന്ത്ര്യത്തെ മോഹിച്ചുകൊണ്ടു് ഒരു വിപ്ലവംതന്നെ ഉണ്ടാക്കുവാൻ മുതിരുന്നു. ഇതിൽ നിന്നു മനസ്സിലാകുന്നതു് മനുഷ്യനു ഏറ്റവും വലിയ സ്വാതന്ത്ര്യം സാമ്പത്തികസ്വാതന്ത്ര്യം ആണെന്നാണു്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം ആ അവകാശം നിഷേധിക്കപ്പെടുന്നതു് വളരെ അന്യായമാണു്. ക്രസ്ത്യൻ സ്ത്രീകളെ സംബന്ധിച്ചിടത്തോളം ആ

LIBRARY ARCHIVES Kerala Legislative Assembly

സ്വാതന്ത്ര്യം കുറെയൊക്കെ അവക്കുണ്ട്. എന്നാൽ ആ സ്വാതന്ത്ര്യം തീരെയില്ലായെന്ന നിലയിലുള്ള പല വിഭാഗങ്ങളുമുണ്ട്. അവരെ സംബന്ധിച്ചിടത്തോളമെങ്കിലും ഈ ബിൽ വലിയ പ്രയോജനകരമായിരിക്കും. ഇതു് അവക്കൊരു അനുഗ്രഹമായിരിക്കും.

മിസ്റ്റർ അയ്യപ്പൻ പറഞ്ഞതുപോലെ സ്ത്രീകൾക്കു തീരെ സ്വത്തു കൊടുക്കരുതു് എന്ന അഭിപ്രായക്കാരുണ്ടാകും. എന്റെ അമ്മയുടെ അച്ഛൻ ഞങ്ങളെല്ലാവരും ആരാന്റെ മക്കളാണ് എന്നു പറഞ്ഞതായിട്ട് എന്റെ അച്ഛൻ പറഞ്ഞു് ഞാൻ കേട്ടിട്ടുണ്ട്. അന്യനായ ഒരാൾക്കു സ്വത്തു പോകുന്നതിൽ വെപ്രാളം പിടിച്ചുകൊണ്ടാണ് അദ്ദേഹം അങ്ങിനെ പറഞ്ഞതു്. ഞങ്ങൾക്കു തന്നാൽ അതു് അന്യകുടുംബത്തിലേക്കു പോകും. അതുകൊണ്ടാണു് അദ്ദേഹം ആരാന്റെ മക്കൾ എന്നു പറയുവാൻ കാരണം. ഓരോ സ്ത്രീയും കല്യാണം കഴിച്ചു് അന്യ കുടുംബത്തിലേക്കു പോകുമ്പോൾ ആ വീട്ടിലെ ആളുകളെ ആശ്രയിച്ചു് ജീവിക്കേണ്ട ആളല്ല. ഭാര്യയെ ഒരു ഭാരമായി തീക്കുന്നതു് വലിയ കഷ്ടമാണു്. ഭാര്യയെ നാം ഒരിക്കലും ഒരു Liability ആയിട്ടല്ല സ്വീകരിക്കേണ്ടതു്. നമ്മുടെ സുഖദുഃഖാദികളിൽ പങ്കുകൊള്ളേണ്ട ആളാണു് ഭാര്യ എന്നുള്ളതുകൊണ്ടു് അതിനു അവരെ ഇടയാക്കിത്തീർക്കണമെങ്കിൽ തീച്ചയായും സ്ത്രീക്കു സാമ്പത്തികമായ സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കേണ്ടതു് അത്യാവശ്യമാണു്.

മിസ്റ്റർ എഴത്തച്ഛൻ പറഞ്ഞതുപോലെ ഈ ബിൽ സർക്കുലേറ്റു ചെയ്തു ആളുകളുടെ അഭിപ്രായം അറിഞ്ഞതിനുശേഷം ആലോചനക്കെടുക്കാമെന്നു വെക്കുകയാണെങ്കിൽ ഇതു പ്രയോത്തിൽ കൊണ്ടുവരാതെ നീട്ടികൊണ്ടുപോകാനെ ഇടവരുകയുള്ളു. ഇതു സെലക്ട് കമ്മിറ്റിക്കു വെക്കുകയാണെങ്കിൽ അവക്കു ഓരോ താലൂക്കിലും വില്ലേജിലും പോയി ആളുകളുടെ അഭിപ്രായം അറിയുവാൻ കഴിയും. ഇതിനെസംബന്ധിച്ചിടത്തോളം ഗവർമെന്റിൽ പരസ്യംചെയ്തുകൊണ്ടു് ആളുകളുടെ അഭിപ്രായം എഴുതിഅയക്കുവാൻ പറഞ്ഞാൽ അധികമാളുകളും അഭിപ്രായം എഴുതിഅയച്ചെന്നു വരികയില്ല. സെലക്ട് കമ്മിറ്റിക്കു പോയിട്ടുണ്ടെന്നു വരികിൽ ആളുകൾക്കു കുറച്ചു ചൊടിയുണ്ടാകും. അതുകൊണ്ടു തീർച്ചയായും സെലക്ട് കമ്മിറ്റിയുടെ കയ്യിൽ പോയതിനു ശേഷം പൊതുജനങ്ങളുടെ അഭിപ്രായം ആരായുകയാണെങ്കിൽ എല്ലാ ആളുകൾക്കും ഈ കാര്യത്തിൽ ശ്രദ്ധയുണ്ടാകുകയും അവരുടെ അഭിപ്രായം എഴുതി അയക്കുന്നതിനു എളുപ്പമാകയും ചെയ്യും. എന്നതന്നെയല്ല കമ്മിറ്റിക്കു എല്ലാസ്ഥലങ്ങളിലുംചെന്നു നേരിട്ടു തെളിവെടുക്കാനും കഴിയും. വലിയ വസ്തീണ്ണമുള്ള വലിയവലിയ പ്രോവിൻസുകളിലും മറ്റുമാണു് സർക്കുലേഷനു ശേഷം ബിൽ ആലോചനക്കെടുക്കുന്നതു്. എന്നാൽ കൊച്ചിയെസംബന്ധിച്ചിടത്തോളം ഒരറ്റത്തുനിന്നു മറ്റേ അറ്റത്തുപോകുവാൻ ഒരു ഒരുമണിക്കൂർ വേണ്ടതില്ല. അത്ര സ്ഥലമേയുള്ളു. അങ്ങിനെയിരിക്കുന്ന സമിതിക്കു് സർക്കുലേഷൻ വേണമെന്നു പറയുന്നതിനോടു തീർച്ചയായും യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഈ ബിൽ വളരെ സമുദായങ്ങളെ ബാധിക്കുന്ന ഒരു ബില്ലാണു്. അതുകൊണ്ടു് ഈ ബിൽ സെലക്ട് കമ്മിറ്റിക്കയക്കേണ്ടതും ആ സമുദായങ്ങളുടെ അഭിപ്രായം അറിയേണ്ടതുമാണു്. ഞങ്ങളെപ്പോലെയുള്ള സമുദായങ്ങളിൽ വളരെ കുറച്ചുപേർക്കു മാത്രമേ സ്വത്തുള്ളു. അവരിൽ പല ആളുകളും അവകാശകേസുകൾ വന്നിട്ടു നശിച്ചുപോയിട്ടുണ്ടു്. ഞങ്ങളുടെ സമുദായത്തിൽ പെട്ട പലരും അവകാശത്തിനുവേണ്ടി കോടതികയറി നശിച്ചുപോയിട്ടുണ്ടു്. എന്തെങ്കിലും കൊടുത്തിരുന്നെങ്കിൽ കോടതിയിൽ ചിലവാകുന്ന പണത്തിൽ ഒരു അംശം വേണ്ടിവരുകയില്ലായിരുന്നു. അതുകൊണ്ടു് എന്നെപ്പോലെയുള്ള സമുദായങ്ങളിൽ പെട്ടവക്കു ഈ ബിൽ വളരെ ആവശ്യമാണു്. ഒപ്പം അവകാശം കൊടുക്കണമെന്ന നിയമമുണ്ടെങ്കിൽ പ്രധാനമായി തർക്കമുള്ള സന്ദർഭങ്ങളിൽ ഒരൊത്തുതീർപ്പുണ്ടാക്കുവാൻ എങ്കിലും കഴിയുന്നതാണു്. അതുകൊണ്ടു് ഈ ബിൽ പല സമുദായങ്ങളേയും ബാധിക്കുന്ന ഒന്നായതുകൊണ്ടു് ഇതു് സെലക്ട് കമ്മിറ്റിക്കയക്കണമെന്നും സെലക്ട് കമ്മിറ്റി ജനങ്ങളുടെ അഭിപ്രായം അറിഞ്ഞു് അതനുസരിച്ചു് ഈ കാര്യത്തിൽ എന്തെങ്കിലും ഒരു തീരുമാനം ചെയ്യണമെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. ഈ ബിൽ പാസ്സായാൽതന്നെ കാര്യമായിട്ടൊന്നും കിട്ടുവാൻ നിവൃത്തിമാർഗമില്ലാത്ത ഒരു സമുദായത്തിൽപ്പെട്ട മെമ്പറാണു് ഞാൻ. എന്നിരുന്നാലും ഇങ്ങിനെ ഒരു നിയമമില്ലാത്തതുകൊണ്ടു വല്ലതും കിട്ടുവാനുണ്ടെങ്കിൽ അതു കിട്ടാതെ പോകേണ്ടയെന്ന ആഗ്രഹം എനിക്കുണ്ടു്. ഇവിടെ ഈ ബില്ലിനെ ചിലർ എഴുത്തു സംസാരിച്ചതുകേട്ടപ്പോൾ ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Kochukuttan]

നിലവിലുള്ള ചില നിയമത്തിന്റെ പേരിലാണ് ഇതിനെ എതുക്കുന്നതെന്ന് തോന്നിപ്പോകും. എനിക്ക ബഹുമാനപ്പെട്ട മെമ്പറോട ചോദിക്കുവാനുള്ളതു്, ആരാണ് ഈ നിയമം ഉണ്ടാക്കിയതു് എന്നാണ്. ഇതു് സ്ത്രീകളുണ്ടാക്കിയ നിയമമാണോ? തീച്ചയായിട്ടും ഇന്ന നിലവിലുള്ള നിയമങ്ങളൊന്നും സ്ത്രീകളുണ്ടാക്കിയതല്ല. അതെല്ലാം പുരുഷന്മാരുണ്ടാക്കിയ നിയമങ്ങളാണ്. കുറച്ചൊരു നിയമദുഷ്ടിയോടുകൂടി ഇതിനെ വീക്ഷിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട ലേഡി മെമ്പർക്ക് ഇതു കൊണ്ടുവരുവാനുള്ള സ്വാതന്ത്ര്യം ലഭിച്ചതിന്റെ ഫലമായിട്ടാണ് ഈ ബിൽ ഇവിടെ വന്നതു് എന്ന കാണാം. അതുകൊണ്ടു ഇതിനെ പിൻതാങ്ങേണ്ടതു് മറ്റു മെമ്പർമാരുടെ കടമയാണ്. കാലം മുന്നോട്ടു പോകുംതോറും ഇനി ഇവിടെയിരിക്കുവാനുള്ള ആളുകളും കൂടുതൽ കൂടുതൽ ഒരു പക്ഷെ സ്ത്രീകളായിരിക്കും. ഇന്നു് പുരുഷന്മാർ അവരോടു നീതി കാണിക്കുന്നുണ്ടെങ്കിൽ മാത്രമേ ആ സന്ദർഭത്തിൽ സ്ത്രീകളും നമ്മളോടു നീതി കാണിക്കുകയുള്ളുവെന്നാണ് എനിക്ക പറയുവാനുള്ളതു്. ഇതിനുമുമ്പു് പുരുഷന്മാരുണ്ടാക്കിയ നിയമം, സ്ത്രീകളും തിരുത്തേണ്ടതായ ഒരവസരം വന്നപ്പോൾ അതു തിരുത്തുന്നകാര്യത്തിൽ പുരുഷന്മാർ ഉപേക്ഷ കാണിക്കരുതെന്നു് എനിക്കെരപേക്ഷയുണ്ടു്. (ഹിയർ, ഹിയർ) പുരുഷന്മാർ ഈ നിയമസഭയിലിരുന്നുകൊണ്ടു് സ്ത്രീകളോടു ചെയ്തിട്ടുള്ള അനീതികളെ തിരുത്തുവാനായിട്ടുമാത്രം കൊണ്ടുവന്നിട്ടുള്ള വിനീതമായ ഒരപേക്ഷയാണ് ബഹുമാനപ്പെട്ട ലേഡിമെമ്പർ ഈ നിയമസഭയുടെ മുമ്പായിൽ പെടുത്തിട്ടുള്ളതു്. അതിനെ അനുവദിച്ചുകൊടുക്കുവാൻ ആരും വൈമനസ്യം കാണിക്കരുതെന്നാണ്, നമ്മളെപ്പോഴും അബലകളെന്നു പറഞ്ഞു് അധിക്ഷേപിക്കുന്ന സ്ത്രീകളുടെപേരിൽ എനിക്കു് പറയുവാനുള്ളതു്.

ഇനി ഒരു കാര്യം പറയുവാനുള്ളതു്, ബഹുമാനപ്പെട്ട ചാലക്കുടി മെമ്പരുടെ പ്രസംഗം കേട്ടപ്പോൾ, ഈ ബിൽ പാസ്സായികഴിഞ്ഞാൽ പെൺകുട്ടികളെ കല്യാണം കഴിക്കേണ്ടതായ അവസരം വരുമ്പോൾ അവരുടെകാര്യം അപകടത്തിലാകുമോയെന്നുള്ളതിനെപ്പറ്റിയാണ്. അതിനെപ്പറ്റി ഒരിക്കലും സംശയിക്കുവാനില്ല. പുരുഷന്മാക്ക് വിവാഹം കഴിക്കണമെന്നുണ്ടെങ്കിൽ അതു സ്ത്രീകളെതന്നെയായിരിക്കണം. അതിനുപകരം പണമാകാൻ സാദ്ധ്യമല്ല. ഒരാൾക്കു കല്യാണം കഴിക്കണമെങ്കിൽ പതിനായിരം പണം കെട്ടിവെച്ചാൽ അതു് സ്ത്രീയാകുകയില്ല, (ചിരി) അതുനിമിത്തം സ്ത്രീകളെ കല്യാണംകഴിക്കുവാൻ ആരേയും കിട്ടുകയില്ലെന്നുള്ള ബഹുമാനപ്പെട്ട മെമ്പരുടെ ആശങ്ക അസ്ഥാനത്താണെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. വാസ്തവത്തിൽ ആരെങ്കിലും ഇതിനെ എതുക്കുന്നുണ്ടെങ്കിൽ അതു് സ്ത്രീകളോടുചെയ്യുന്ന അന്യായമാണെന്നു മാത്രമല്ല, അതു് അവരുടെ സ്വാർത്ഥത്തെ നിലനിർത്തുവാനുംകൂടിയാണെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. സ്ത്രീകളോടുള്ള സ്നേഹത്തിന്റെപേരിൽ ആരെങ്കിലും മുതലകണ്ണീർ ഒഴുക്കുന്നുണ്ടെങ്കിലും, അവരുടെകയ്യിൽനിന്നു പണംപോകുന്നകാര്യത്തിൽ അവർക്കു് വളരെ സങ്കടമുണ്ടു് എന്നാണ് ഈ എതുപ്പു തെളിയിക്കുന്നതു്. അഭിപ്രായം ഓരോരുത്തരിൽനിന്നും ഈ ബില്ലിനെപ്പറ്റിയുള്ളതു അറിയുവാൻ കഴിയും. അതാണ് ബഹുമാനപ്പെട്ട കണയന്നൂർ ഈഴവ മെമ്പർ പറഞ്ഞതു്. ഈ ബിൽ പാസ്സാക്കുവാനുള്ള അനുകൂലമായ സാഹചര്യമുണ്ടാക്കാൻ ബഹുമാനപ്പെട്ട ലേഡിമെമ്പറും അനുഭാവികളും വളരെ ശ്രമിക്കണം; ഉണ്ടാക്കണം. ആ സാഹചര്യം ഉണ്ടാക്കണമെന്നു് സ്ത്രീജനങ്ങളുടെ പേരിൽ അപേക്ഷിച്ചുകൊണ്ടു് ഈ ബില്ലിനെ ഞാൻ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

മിസ്റ്റർ എം. ഐ. പോൾ: സർ, ഈ ബില്ലിനെ സംബന്ധിച്ചു് ചില അഭിപ്രായങ്ങൾ പറയുന്നതോടൊപ്പംതന്നെ, ഇതിന്റെ പ്രായോഗികവശങ്ങളേയും, വിഷമതകളേയും സംബന്ധിച്ചു്, ഈ സഭയിൽവെച്ചുതന്നെ അതു മനസ്സിലാക്കിതരത്തക്കവിധത്തിൽ ഇതിന്റെ അവതാരകി ഒരു മറുപടി പറഞ്ഞാൽ തരക്കേടില്ലെന്നുണ്ടു്. ഒരു മാതാപിതാവിനു് ആകെ പത്തു മക്കളുണ്ടെങ്കിൽ അവരുടെ സ്വത്തു് മുഴവനും ഈ ബില്ലിൽ ആവശ്യപ്പെട്ടതുപോലെ നീതിയിൽ സമമായി വീതിച്ചുകൊടുക്കുവാൻ യാതൊരു വിഷമവുമില്ല. ബാങ്കിൽ ഉള്ള പണമോ, മറ്റു സ്ഥലങ്ങളിലുള്ള പറമ്പോ, നിലങ്ങളോ ഉണ്ടെങ്കിൽ അതും വീതിച്ചുകൊടുക്കുവാൻ വിരോധമില്ല. നേരെമറിച്ചു് ഒരു പറമ്പും അതിൽ ഒരു പുരയും ഉള്ള ആ മാതാപിതാക്കന്മാക്ക പത്തു മക്കളിൽ ൻ പുത്രിമാരും ഒരു പുത്രനും ഉണ്ടെന്നു വിചാരിക്കുക. ഇവർക്കെല്ലാവർക്കും തുല്യാവകാശം കിട്ടുന്നവിധത്തിൽ ഒരു നിയമം ഉണ്ടായാൽ, ആ മാതാപിതാക്കന്മാരുടെ കാലശേഷമല്ലാതെ അതു വീതിച്ചുകൊടുക്കുന്നതു എങ്ങിനെയാണെന്നു് ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ചോദിക്കുന്നു. അതിനുംപുറമെ ഈ പറമ്പിനും പുരക്കും പതിനായിരം ഉറുപ്പികക്കുള്ള സ്വത്തു ആണെങ്കിൽ അതിൽ ഒമ്പതിനായിരം ഉറുപ്പികയുടെ സ്വത്തും സഹോദരിമാക്കായിട്ടു പോകുന്നു. ബാക്കി ആയിരം ഉറുപ്പികമാത്രമേ സഹോദരന്നു കിട്ടുന്നുള്ളു. വളരെ പുരാതനമായിട്ടു താമസിച്ചുവരുന്ന പുരയും പറമ്പും സമമായി വീതിച്ചോ അഥവാ വിറ്റോ പോകുന്നപക്ഷം പുരുൻ വീടുവിട്ടു പോകേണ്ടിവരുമെന്നുള്ളതാണു് ഈ ബിൽ കൊണ്ടുവരുന്നതു്. ജനങ്ങളിൽ അധികഭാഗവും മേൽപറഞ്ഞതരത്തിലുള്ള സ്വത്തുകാരാണു്. ഈ സംശയം തീർക്കുവാൻ വേണ്ടിയാണു് ഞാൻ രണ്ടുവാക്കു പറയുവാൻ ഉദ്ദേശിച്ചതു്. അതുകൊണ്ടു് ഈ കാര്യത്തിൽ പൊതുജനാഭിപ്രായം എടുത്തുവേണം ഇതു സ്വീകരിക്കുവാൻ എന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. ഈ ബില്ലിലെ തത്വം വല്ലതാണെങ്കിലും ഇതിന്റെ പ്രായോഗികവശങ്ങളും നോക്കുമ്പോൾ പലവിധത്തിലുള്ള വിഷമതകളും കാണുന്നുണ്ടു്. അതിനുള്ള ഒരു മറുപടിയുംകൂടി പറഞ്ഞാൽ തരക്കേടില്ലെന്നു് ഇതിന്റെ അവതാരകനായോട്ടു അപേക്ഷിച്ചുകൊണ്ടു് ഞാൻ ഇതിനെ പ്രതികൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എസ്. പണിക്കർ: മിസ്റ്റർ പ്രസിഡണ്ടു്, സർ, എന്താണ്ടു ഇതുപോലെയുള്ള ഒരു ബിൽ ഇതിനുമുമ്പൊരിക്കൽ ചാലക്കുടിമെമ്പറായിരുന്ന മിസ്റ്റർ എ. വി. മുത്തേടൻ ഈ കൌൺസിലിൽ കൊണ്ടുവരികയുണ്ടായിട്ടുണ്ടു്. ആ ബിൽ എല്ലാ സമുദായത്തിൽപെട്ടവരേയും ബാധിച്ചിരുന്നില്ല.. ക്രസ്ത്യൻസമുദായത്തെ മാത്രമെ ബാധിച്ചിരുന്നുള്ളു. ആ ബിൽ സിലക്ട് കമ്മിറ്റിക്കു് അയക്കുകയും, സിലക്ട് കമ്മിറ്റി തെളിവുകളെടുക്കുകയും ചെയ്തിട്ടുണ്ടു്. അതിൽ ക്രസ്തീയസമുദായത്തിലെ സ്ത്രീവിഭാഗംമുഴുവനും ആളോഹരി അവകാശം കിട്ടണമെന്നുള്ള അവകാശം രേഖപ്പെടുത്തിട്ടുണ്ടു്.

മിസ്റ്റർ പറമ്പി ലോനപ്പൻ: മുഴുവനും ഇല്ല. കുറെ ഭാഗത്തിന്റെ അഭിപ്രായം മാത്രമേയുള്ളു.

മിസ്റ്റർ കെ. എസ്. പണിക്കർ: അതിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാര്യയും കൂടി സംബന്ധിച്ചിട്ടുണ്ടോയെന്നു് എനിക്കറിഞ്ഞുകൂടാ. ഇപ്പോൾ ഈ ബില്ല് ഇവിടെ അവതരിപ്പിച്ചപ്പോൾ, അതിനു പ്രധാനമായിട്ടുള്ള എതിർപ്പു കണ്ടതു് ക്രസ്ത്യൻ സമുദായത്തിലെ മെമ്പർമാരിൽനിന്നല്ല. എന്നാൽ മുസ്ലീംസമുദായത്തിലെ ഒരു അംഗത്തിനു ഇതനുവദിച്ചുകൊടുക്കുവാൻ ഒരു ഇക്കിയുള്ളതായി കാണുകയും ചെയ്തു. ആദ്യം ഇഴവരിൽ സ്ത്രീകൾക്കു നാൽ ഒരു ഭാഗം മാത്രം കൊടുത്താൽ മതിയെന്നാണു് വെച്ചിരുന്നതു്. പക്ഷെ അന്നു് ആ സമുദായത്തിൽപെട്ടവർതന്നെ അതിനെ വളരെ ശക്തിയായിട്ടു് എതിർത്തിട്ടുണ്ടു്. അന്നു് എതിർത്തവർ അധികാരപ്പെട്ട സ്ഥാനങ്ങളിൽചെന്നു് ആ ബില്ലിനെ തള്ളിക്കളയിച്ചു. എന്നാൽ ആ സമുദായത്തിൽതന്നെ ആളോഹരി കൊടുക്കണമെന്നുള്ള ബിൽ എളുപ്പത്തിൽ പാസാക്കി. ഇപ്പോൾ ഈഴവരുടെയിടയിൽ സ്ത്രീകൾക്കു് പുരുഷന്മാരോടൊപ്പം അവകാശം കൊടുക്കണമെന്നുള്ള അഭിപ്രായമാണു് പൊന്തിവന്നിരിക്കുന്നതു്. കേരളം പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ നാം സ്ത്രീകളെ അബലകളെന്നും, ചപലകളെന്നും ഇന്നും വിളിക്കുന്നുണ്ടെങ്കിൽ അതു പുരുഷന്മാരുടെ സ്വാർത്ഥത്തിനുവേണ്ടി എഴുതിവെച്ചിട്ടുള്ള പ്രമാണമനുസരിച്ചു് മാത്രമാണു്. സ്ത്രീകളെ അങ്ങിനെ വിചാരിക്കണമെന്നു പറയുന്നതു് കേവലംബുദ്ധി ശൂന്യമായിട്ടാണു് കാണുന്നതു്. അഭ്യസ്തവിദ്യരും, സർവ്വകലാശാലാബിരുദധാരികളുമായിട്ടുള്ള ആളുകൾപോലും ഇങ്ങനെയുള്ള വീക്ഷണകോണങ്ങളിൽകൂടി കണ്ണോടിക്കുമെന്നു് ഞാൻ വിചാരിച്ചില്ല.

മിസ്റ്റർ കെ. എ. രാഘവൻ: ആദ്യം മിനിമംവേജസ്സുബില്ലിനെപ്പറ്റി പറഞ്ഞപ്പോൾ പുരുഷന്മാരോടൊപ്പം സ്ത്രീകൾ എല്ലാ പണിയുമെടുത്താൽ മാത്രമേ പുരുഷന്മാരോടു തുല്യമായ കൂലി കൊടുക്കുകയുള്ളുവെന്നു് ബഹുമാനപ്പെട്ട മെമ്പർ പറയുകയുണ്ടായില്ലേ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു തുല്യവേലയെ സംബന്ധിച്ചാണു് പറഞ്ഞതു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: എന്നാൽ പണം സമ്പാദിക്കുന്നതു് കൂടുതലായിട്ടു പുരുഷനോ സ്ത്രീയൊ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്റെ അനുഭവത്തിൽ പറയുകയാണെങ്കിൽ, പുരുഷന്മാരേക്കാൾ കൂടുതൽ പണം സമ്പാദിക്കുവാൻ സാധിച്ചിട്ടുള്ള സ്ത്രീകൾ നമ്മുടെ കൊച്ചിരാജ്യത്തിൽ ഉണ്ടു്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഇതു രണ്ടുംകൂടി തുലനം ചെയ്തുനോക്കുമ്പോൾ എങ്ങിനെയാണു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിനുവേണ്ടി ഒരു സെൻസസ്സ് എടുക്കുവാൻ ഇപ്പോൾ വിഷമമാണ്. അപ്പോൾ രണ്ടുകൂട്ടർക്കും സമ്പാദിക്കുവാൻ അറിയാം. അവകാശക്രമത്തെ സംബന്ധിച്ചിടത്തോളം ഒരു Common നിയമം ഉണ്ടാകേണ്ടതു് അത്യന്താപേക്ഷിതമാണെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. പിന്നെ ഈ ബിൽ വന്നാൽ ഒസ്യത്തു എഴുതുവാനുള്ള അധികാരവുംകൂടി കളയണമെന്നുള്ള അഭിപ്രായക്കാരനുംകൂടിയാണു് ഇപ്പോൾ എന്റെ അടുത്തിരിക്കുന്ന ഒരു എം. എൽ. സി. എന്നോടു പറയുകണ്ടായി, ഈ ബിൽ പാസ്സായിട്ടുവേണം അദ്ദേഹത്തിന്നു കല്യാണം കഴിക്കുവാൻ എന്നു്! (ചിരി) അപ്പോൾ അങ്ങിനെ ആഗ്രഹിക്കുന്ന പുരുഷന്മാരും ഉണ്ടു്. സ്ത്രീകൾക്കു സമം വീതം എന്നു വന്നാൽ അതിൽ പുരുഷന്മാർക്കും ഗുണം കിട്ടുമെന്നു് കാണുന്നുണ്ടു്. അതുകൊണ്ടു് ഇതു് ഒരു സിലക്ട് കമ്മിറ്റിക്കു് അയക്കേണ്ടതായ ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. ഇതു് അങ്ങിനെതന്നെ പാസ്സാക്കേണ്ട ആവശ്യമേയുള്ളൂ. ഈ ബിൽ പാസ്സാക്കുകയെന്നുവെച്ചാൽ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ മാനിക്കുകയെന്ന മാത്രമേ അർത്ഥമുള്ളൂ. അതുകൊണ്ടു് ഇതിനെ യാതൊരു എതിർപ്പുംകൂടാതെ പാസ്സാക്കണമെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എ. രാഘവൻ: സർ, ഞാനും ഈ ബില്ലിനെപ്പറ്റി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ! വിവാഹത്തിന്നുശേഷം പിതൃസ്വത്തിൽ സ്ത്രീകൾക്കു അവകാശമില്ലാത്ത ഒരു സമുദായത്തിൽപ്പെട്ട ഒരംഗമാണു് ഞാൻ എന്നു വിചാരിച്ചു് സ്ത്രീകൾക്കു അശേഷം അവകാശമില്ലെന്നു പറയുന്നില്ല. ഒരു സ്ത്രീയെ വിവാഹം ചെയ്തുകൊടുക്കുന്ന അവസരത്തിൽ ആഭരണമായും, മറ്റു പല സാധനങ്ങളായും നല്ല ഒരു തുക വരത്തക്കവിധത്തിലുള്ള ഒരു സംഖ്യ അവരോടുകൂടി അവരുടെ ഭർത്തൃഗൃഹത്തിലേക്കു പോകുന്നുണ്ടു്. ആയിരം ഉറുപ്പിക സ്വത്തുള്ള ഒരു പിതാവിന്നു് മൂന്നോ, നാലോ മക്കളുണ്ടെങ്കിൽ അതിൽ രണ്ടെണ്ണം പെണ്ണും, രണ്ടെണ്ണം ആണുമാണെന്നിരിക്കട്ടെ. അപ്പോൾ ആ സ്ത്രീകളെ വിവാഹംചെയ്തുകൊടുക്കുവാൻ ആയിരം ഉറുപ്പികയെ സ്വത്തുള്ളുവെങ്കിൽ അതുകൊണ്ടു വീതിക്കുമ്പോൾ അവക്കു എന്തുവീതം കിട്ടുമെന്നും എന്തു ചെയ്യുവാൻ സാധിക്കുമെന്നും ആണു് ഞാൻ ചോദിക്കുന്നതു്. കല്യാണം കഴിഞ്ഞാൽ വീണ്ടും ആദ്യത്തെ മൂന്നു പ്രസവവും ആ സ്ത്രീയുടെ വീട്ടുകാർ കൊണ്ടുപോയി ശുശ്രൂഷിക്കണം. അതിന്നുംപുറമെ കൊച്ചുകുട്ടികൾക്കുള്ള ആഭരണങ്ങളും ഉണ്ടാക്കികൊടുക്കണം. ഇപ്രകാരമുള്ള ചിലവുകൾ എല്ലാം ആലോചിച്ചുനോക്കിയാൽ ആൺകുട്ടികൾക്കു കിട്ടുന്നതിലധികം പെൺകുട്ടികൾക്കു കിട്ടുന്നതാണു്. കൊച്ചിക്കു അടുത്തുകിടക്കുന്ന ബ്രിട്ടീഷ് കൊച്ചിയിലും തിരുവിതാംകൂറിലും ഇങ്ങിനെതന്നെയാണു് ഞങ്ങളുടെ ദായക്രമം. ഈ നിയമം ഇവിടെ നടപ്പിലാവുകയാണെങ്കിൽ തിരുവിതാംകൂറിലും, ബ്രിട്ടീഷിലും ബന്ധുതാമുള്ളവർക്കു് വളരെ ബുദ്ധിമുട്ടായിത്തീരുവാൻ ഇടയുണ്ടു്. അവിടെ ഈ നിയമം ഇല്ലാത്ത നിലയ്ക്കു് കൊച്ചിയിലുള്ളവരുടെ സ്വത്തു് അങ്ങോട്ടു പോകുവാൻ ഒരു കാരണമായിത്തീരും. അതുകൊണ്ടു പൊതുജനാഭിപ്രായം അറിഞ്ഞതുവേണം ഇതു നിയമമാക്കുവാൻ. ഭൂരിപക്ഷാഭിപ്രായം സിലക്ട് കമ്മിറ്റിക്കു് അയക്കണമെന്നാണെങ്കിൽ അതിന്നും എനിക്കു വിരോധമില്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ബില്ലിനെ എതിർത്തുകൊള്ളുന്നു.

മിസ്റ്റർ കെ. ടി. അച്യുതൻ: സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തോടു് യോജിക്കുന്നു. അച്ഛന്റെ സ്വത്തിൽ ആൺമക്കൾക്കും പെൺമക്കൾക്കും തുല്യാവകാശമുണ്ടായിരിക്കണമെന്നു് മിസ്റ്റർ കെ. എസ്സ്. പണിക്കർ പറഞ്ഞതിനോടു് ഞാനും യോജിക്കുന്നു. ഈഴവരെ സംബന്ധിച്ചു് പറയുകയാണെങ്കിൽ മൂന്നു നാലു താലൂക്കുകളിൽ അമ്മയുടെ സ്വത്തിൽ സമാവകാശമാണു് കൊടുത്തുവരുന്നതു്. ഈ കണ്ടുത്തിൽ ചിറമ്മൽ താലൂക്കിലുള്ള ഈഴവരേയും നന്നാക്കിയാൽ കൊള്ളാമെന്നുണ്ടു്. കാലത്തിന്റെ ഗതിനോക്കി പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകളും സ്വതന്ത്രകളാകേണ്ടതാണു്. മുസ്ലിംസമുദായത്തെ സംബന്ധിച്ചുള്ള അഭിപ്രായം എനിക്കൊന്നും പറയുവാനില്ല. നായർ സമുദായത്തിന്നാണെങ്കിൽ ഇതിന്റെ ആവശ്യമില്ല. കായ്മയില്ല. തമിഴബ്രാഹ്മണർക്കും, അധഃകൃതസമുദായങ്ങൾക്കും ഇതു് ബാധിക്കുന്നതാണു്. ഇതിന്റെ തത്വത്തെ അനുകൂലിക്കാതിരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് ഈ ബിൽ സിലക്ട് കമ്മിറ്റിക്കു് അയക്കണമെന്ന അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഈ ബില്ലിനെ ഞാൻ സർവ്വവിധത്തിലും അനുകൂലിച്ചുകൊള്ളുന്നു.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകൌണ്ടർ: സർ, ചിറമ്മൽ താലൂക്കിൽ ഞങ്ങളുടെ സമുദായത്തിൽപ്പെട്ട അനവധി ആളുകളും, ബ്രിട്ടീഷിലുള്ള കോയമ്പത്തൂർ, മദ്രാസ് എന്നീ സ്ഥലങ്ങളിൽ നിന്നു് അങ്ങോട്ടും ഇങ്ങോട്ടും വിവാഹം കഴിക്കാറുണ്ടു്. അവിടെ ഈ നിയമം

LIBRARY ARCHIVES Kerala Legislative Assembly

ഇല്ലാത്തതുകൊണ്ട് ഈ ബിൽ ഇവിടെ പാസ്സാവുകയാണെങ്കിൽ, ഇവിടെനിന്നു പെൺകുട്ടികളെ ബ്രിട്ടീഷിലേക്ക് കല്യാണം കഴിച്ചുകൊടുക്കുമ്പോൾ അതു് ഇവിടെയുള്ളവർക്ക് ബുദ്ധിമുട്ടായിട്ടുതീരും. ഇതുകൊണ്ട് പെൺമക്കൾക്ക് വീതം കൊടുക്കുന്ന കാര്യത്തിൽ ഞാൻ എതിരു പറയുകയല്ല ചെയ്യുന്നതു്. ഇത്രമാത്രമേ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഞാൻ ഈ ബില്ലിനെറ തത്വത്തോടു് യോജിക്കുന്നു. വാസ്തവത്തിൽ ഈ ബിൽ പത്തിരുപതു കൊല്ലത്തിനുമുമ്പാണു് ഈ കൌൺസിലിൽ വന്നിരുന്നതെങ്കിൽ അതു് ഏറ്റവും വിപ്ലവാത്മകമായ പരിവർത്തനംതന്നെ ജനങ്ങളിൽ ഉണ്ടാക്കുമെന്നു് വിചാരിക്കുവാൻ ഇടയുണ്ടു്. അന്നത്തേക്കാൾ വളരെ വ്യത്യസ്തമായ നിലയിലും പരിതസ്ഥിതിയിലുമാണു് ഇന്നു ജനങ്ങൾ ജീവിച്ചുവരുന്നതു്. അതുകൊണ്ടു് പുരോഗമനവാദികളെന്നു് അഭിമാനിക്കുന്ന പുരുഷന്മാർ ഇതിനെ എതുക്കുന്നതിലാണു് എനിക്കത്ഭുതമുള്ളതു്. സ്ത്രീകളുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുന്നില്ലെങ്കിൽ, അവരുടെ ആവശ്യങ്ങൾ അനുസരിച്ചു നാം പ്രവർത്തിക്കുന്നില്ലെങ്കിൽ അതു് തീർച്ചയായിട്ടും അവരെ വിപ്ലവത്തിനു ഒരുക്കുകൂട്ടുന്ന ഒരേർപ്പാടാണെന്നുവേണം വിചാരിക്കുവാൻ. തൊഴിലാളികൾ അവരുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി, അവർഹിക്കുന്നവിധത്തിൽ ഉള്ള കൂലി കിട്ടുന്നതിനുവേണ്ടി ജന്മിതപത്തോടും, മുതലാളിതപത്തോടും വിപ്ലവം കൂട്ടുന്നതായി നമുക്കു് ചുറ്റുപാടും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളിൽനിന്നു കാണുവാൻ സാധിക്കുന്നുണ്ടു്. അതുപോലെയുള്ള ഒരുവിപ്ലവംതന്നെയായിരിക്കും വസ്തുവഹകൾ വീതംവെച്ചുകിട്ടുന്നകാര്യത്തിലും സ്ത്രീകൾ സംഘടിച്ചു പുരുഷന്മാരുടെ നേരെ പുറപ്പെടുക. അതുണ്ടാക്കാതിരിക്കുവാൻ വേണ്ടിട്ടെങ്കിലും നമ്മൾ ഇതിനെ വകവെച്ചുകൊടുക്കേണ്ടതാണു്. ഈ കാര്യം പറയുമ്പോൾ എനിക്കു് ഒരു സംഭവമാണു് ഓർമ്മവരുന്നതു്. ഒരുകാലത്തു് പുരുഷന്മാർ സ്ത്രീകളെ വളരെ കഷ്ടപ്പെടുത്തിയിരുന്ന ഒരവസരമുണ്ടായിരുന്നു. അതിൽനിന്നു് രക്ഷകിട്ടുവാനുള്ളസ്ത്രീകളുടെ പരിശ്രമത്തിന്റെ ഫലമായിട്ടു് ഭരിക്കുവാനുള്ള ശക്തി, അല്ലെങ്കിൽ രാഷ്ട്രീയാധികാരം അവർക്കു് കിട്ടി. അവരുടെ ഭരണത്തിന്റെ ഫലമായി പുരുഷന്മാരെ സ്ത്രീകൾ അടക്കി ഭരിക്കുവാൻ തുടങ്ങി. പുരുഷന്മാർക്കു് യാതൊരുവിധത്തിലുള്ള ശക്തിയും ഇല്ലാതായി, നിസ്സഹായരായി. പുരുഷന്മാർ സ്ത്രീകളോടു് ചെയ്തിരുന്ന അക്രമത്തിന്റെ ഫലമായി സ്ത്രീകൾ പുരുഷന്മാരെ ഒരു തിരിച്ചടിയെന്ന നിലയിൽ അടിച്ചമർത്തുവാൻ തുടങ്ങി. അതിൽനിന്നു രക്ഷകിട്ടുവാൻ വേണ്ടി പുരുഷന്മാർ സംഘടിച്ചു മീറ്റിംഗു് കൂടാൻ തുടങ്ങി. മീറ്റിംഗു് നിരോധിച്ചിരുന്നതുകൊണ്ടു്, അർദ്ധരാത്രിയിൽ കാട്ടിൽ പോയിട്ടു് മീറ്റിംഗു് കൂടി. മീറ്റിംഗു് കൂടുന്നതിനുമുമ്പു് സ്ത്രീകൾ വരുന്നുണ്ടോയെന്നു് നോക്കുവാൻ ചിലരെ കാവൽ നിറുത്തിട്ടുണ്ടായിരുന്നു. അങ്ങനെ മീറ്റിംഗു് കൂടി എങ്ങിനെയാണു് ഇതിൽനിന്നും രക്ഷകിട്ടുകയെന്നു് ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ, സ്ത്രീകൾ വരുന്നുണ്ടെന്നുള്ള വിവരം കാവൽക്കാർ അദ്ധ്യക്ഷനെ അറിയിച്ചു. ഇതു കേട്ടമാത്രയിൽ ഭയവിഹ്വലരായ പുരുഷന്മാരെല്ലാം ഓടിയൊളിച്ചു. കുറെ കഴിഞ്ഞു സ്ത്രീകൾ മടങ്ങിപ്പോയപ്പോൾ ഓടിപ്പോയവർ പതുങ്ങി, പതുങ്ങി തിരികെ വന്നുചേർന്നു. തദവസരത്തിൽ അദ്ധ്യക്ഷൻ കസേരമേൽ ധൈര്യമായിട്ടു ഇരിക്കുന്നതു് കണ്ടു. അദ്ധ്യക്ഷന്റെ ധൈര്യം കണ്ട അവരെല്ലാം തീർച്ചയാക്കി മേലിലും നമുക്കു് സ്ഥിരമായിട്ടുള്ള അദ്ധ്യക്ഷൻ അദ്ദേഹം തന്നെ മതിയെന്നു്. ഇത്രയും പറഞ്ഞുകൊണ്ടു് അദ്ധ്യക്ഷനെ അനുമോദിക്കുവാൻ അടുത്തുചെന്നപ്പോൾ അദ്ധ്യക്ഷൻ കസേരമേൽ സ്ത്രീകളുടെ വരവുകണ്ടു് ഭയപ്പെട്ടു് മരിച്ചിരിക്കുന്നതായിട്ടാണു് അവർ കണ്ടതു്. അയാൾ സ്ത്രീകളുടെ വരവുകണ്ടു് ഭയപ്പെട്ടു് അങ്ങിനെതന്നെ മരിച്ചിരിക്കുകയാണു്. അങ്ങിനെയുള്ള സംഭവങ്ങൾ കൂടിയും ഒരിക്കൽ ഉണ്ടായിട്ടുണ്ടു്. അവിടെ പുരുഷന്മാരുടെ അവകാശങ്ങൾ സ്ത്രീകൾ അടിച്ചമർത്തുക എന്ന ഒരു സ്ഥിതിയാണു് ഉണ്ടായിരുന്നതു്. അതുപോലെയുള്ള ഒരു സ്ഥിതി നമ്മുടെ നാട്ടിൽ വരാതെയിരിക്കണമെങ്കിൽ തീർച്ചയായും സ്ത്രീകൾക്കു് അവർ അർഹിക്കുന്ന അവകാശം അനുവദിച്ചുകൊടുക്കേണ്ടിവരും. അതു് മുൻകൂട്ടി മനസ്സിലാക്കുവാനുള്ള ബുദ്ധി പുരുഷന്മാരായ നമ്മൾക്കുണ്ടാവണം. അല്ലാത്തപക്ഷം ഭാവിയിലുണ്ടാകുന്നിടയുള്ള ആപത്തിനെ തടുക്കുവാനുള്ള കഴിവു് നമ്മൾക്കില്ലാതാകും. സ്ത്രീകൾക്കു് കീഴടങ്ങേണ്ടയുള്ള ആപത്തിനെ തടുക്കുവാനുള്ള കഴിവു് നമ്മൾക്കില്ലാതാകും. സ്ത്രീകൾക്കു് കീഴടങ്ങേണ്ടതായി വരും. അങ്ങിനെയുള്ള ഒരു പരിതസ്ഥിതി കൊച്ചിരാജ്യത്തിൽ സൃഷ്ടമാകാതിരിക്കട്ടെ എന്നുള്ള ഭയപ്പാടുകൊണ്ടാണു് ഞാൻ ഈ ബില്ലിനെ പിന്താങ്ങുന്നതു്. മാത്രമല്ല ഈ ബില്ലിനെ എതുത്തു ചോദ്യം ചെയ്തുകൊണ്ടു് ചിലർ ഇവിടെ പറഞ്ഞ വാദഗതിയോടു് ഞാൻ യോജിക്കുന്നില്ല. അതായതു്, ഈ ബിൽകൊണ്ടു് സ്ത്രീകൾക്കു് കിട്ടാവുന്ന ഓഹരിയേക്കാൾ കൂടുതൽ സംഖ്യ ഇന്നു ഈ നിയമം ഇല്ലാതിരിക്കെ അവർക്കു് സ്ത്രീധന

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. I. Velayudhan]

മായി കിട്ടിക്കൊണ്ടിരിക്കുന്നുണ്ടത്രെ! അങ്ങിനെയാണെങ്കിൽ ഈ വാദം ഉന്നയിച്ച എന്റെ മാന്യസ്നേഹിതനു് ഒട്ടും പേടിക്കേണ്ടതില്ല. ആവരർഹിക്കുന്നതിൽ കൂടുതൽ സ്ത്രീധനമായി കൊടുക്കേണ്ടിവരുന്നുവെങ്കിൽ തീർച്ചയായും അതിലും ചുരുങ്ങിയ ഒരു സംഖ്യ നിയമപ്രകാരം ഓഹരിയായി കൊടുക്കേണ്ടിവരുന്നതിൽ യാതൊരു പിതാവിനും പിറുപിറുക്കുവാനോ, പരിതപിക്കാനോ അവകാശമില്ല; സന്തോഷിക്കാനേ ഇടയുള്ളൂ. സ്ത്രീകളെ രക്ഷിക്കേണ്ടുന്നതിനു പകരം എന്റെ മാന്യസ്നേഹിതന്റെ ഭാഷയിൽ പറയുകയാണെങ്കിൽ പിതാവിനെ രക്ഷിക്കുവാനുള്ള മാർഗ്ഗമാണല്ലൊ ഈ ബില്ലുകൊണ്ടു് നിർദ്ദേശിക്കുന്നതു്. ബ്രിട്ടീഷിലും തിരുവിതാംകൂറിലും നിന്നു കല്യാണം കഴിച്ചാൽ ആ സ്ഥലങ്ങളിൽനിന്നു ഒന്നും കിട്ടുകയില്ല എന്നുള്ള വാദവും ശരിയല്ല. അവിടങ്ങളിൽ ഈ നിയമം ഇല്ലെന്നു പറഞ്ഞതുതന്നെ എത്രത്തോളം ശരിയാണെന്നുള്ളതറിഞ്ഞുകൂടാ. പക്ഷെ, ആ സ്ഥലങ്ങളിൽ ഇങ്ങിനെയുള്ള ഒരു നിയമം വന്നതിനുശേഷം വേണം ഇവിടെ അതുപോലെ ഒരു നിയമം കൊണ്ടുവരാൻ എന്നു പറഞ്ഞു് അക്ഷമരായി കാത്തിരിക്കേണ്ട ആവശ്യമില്ല. കാരണം അവിടങ്ങളിൽ ഇല്ലാത്ത പല നിയമങ്ങളും ഇവിടെ വന്നിട്ടുണ്ടു്. ഇവിടെ ഇല്ലാത്തതു പലതും ആ നാടുകളിലുമുണ്ടു്. ഓരോ രാജ്യത്തിന്റേയും പരിതസ്ഥിതിയും നിലനിൽപ്പും അനുസരിച്ചു പ്രത്യേക നിയമങ്ങളെല്ലാം ഉണ്ടാക്കേണ്ടിവരും. കൊച്ചിരാജ്യത്തിലെ ഈഴവരെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇവിടെ മൂന്നു തരത്തിലുള്ള നിയമങ്ങളാണു് സ്ത്രീകളുടെ ഓഹരിയെസംബന്ധിച്ചു നിലവിലുള്ളതു്. കൊച്ചികണയന്നൂർ താലൂക്കിൽ സ്ത്രീകൾക്കു് സമാവകാശമാണു്. മുകുന്ദപുരം, തൃശ്ശിവപേരൂർ, തലപ്പിള്ളി എന്നീ താലൂക്കുകളിൽ പുരുഷന്മാരുടെ ഓഹരിയിൽ പകുതി ഭാഗമാണു് സ്ത്രീകൾക്കുള്ളതു്. മിസ്റ്റർ രാമകൃഷ്ണന്റെ നാടായ ചിറ്റൂരിൽ സ്ത്രീകൾക്കു് മുതലിന്നു യാതൊരു അവകാശമില്ല. ഇക്കാര്യത്തിൽ അവർ ഏ ൽ നൂറാണ്ടിലെ ജീവിതമാണു് നയിച്ചുപോരുന്നതു്. നിയമപ്രകാരം സ്വത്തു് മകൾക്കു് ഭാഗിച്ചുകൊടുക്കുകയാണെങ്കിൽ, അങ്ങിനെയുള്ള ഒരു ഭാഗം ആ വീട്ടിലുള്ള പുരുഷന്മാർക്കു് ഇങ്ങോട്ടും കിട്ടുമല്ലൊ. പിന്നെ എന്തിനാണു് സ്ത്രീകൾക്കു് സമാവകാശം വേണമെന്നു വാദിക്കുവാൻ ചില മാന്യ സാമാജികന്മാർ ഇത്രത്തോളം വെമ്പൽകൊള്ളുന്നതു്; അല്ലെങ്കിൽ മരണഗോഷ്ടി കാണിക്കുന്നതു്? കാലത്തിനനുസരിച്ചു നാം മുമ്പോട്ടു പോകുക. ബാക്കിയുള്ള ജനതയുടെ വീക്ഷണകോണിൽ നാം പരിഹാസപാത്രമായിത്തീരാതിരിക്കട്ടെ. സ്ത്രീകൾ ഇന്നു അണിയറയിൽനിന്നു ഓജസ്സോടും തേജസ്സോടും കൂടി അരങ്ങത്തേക്കു വന്നിരിക്കുകയാണു്. എതൊരു തുറകളിലും പുരുഷന്മാരെ കവച്ചുവെയ്ക്കുവാനുള്ള കരുത്തു അവരിൽ ഒളിഞ്ഞും തെളിഞ്ഞും നമ്മൾക്കു് കാണുവാൻ സാധിക്കുന്നുണ്ടു്. അവരുടെ അവകാശങ്ങൾ കയ്യും കണക്കും പറഞ്ഞു് എണ്ണി എണ്ണി വാങ്ങുവാനുള്ള ത്രാണി ഇന്നു് അവർക്കുണ്ടു്. അവരുമായി സൌഹാർദ്ദത്തോടുകൂടി ജീവിക്കാൻ മാത്രമായിട്ടെങ്കിലും ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. Select Committee യുടെ മുമ്പാകെ അഭിപ്രായത്തിനു വെയ്ക്കണമെന്ന ഭേദഗതിയോടു് പൂർണ്ണമായും യോജിക്കുന്നു.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: സർ, എറണാകുളം വനിതാമെമ്പർ ഈ നിയമസഭയിൽ അവതരിപ്പിച്ച ഈ ബിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നുള്ളതു ഇവിടെ നടന്ന വാദപ്രതിവാദങ്ങളിൽ നിന്നുതന്നെ മനസ്സിലാക്കാം. കൊച്ചിയിലെ വിവിധ സമുദായങ്ങളിൽ അവരുടെ സമൂഹ്യവും സാമ്പത്തികവുമായ കാര്യങ്ങളിൽ വലിയൊരു മാറ്റം വരുത്തുന്ന ഈ ബില്ലിനെ സംബന്ധിച്ചു എങ്ങിനെയാണു് ഓരോ സമുദായത്തിലേയും ആളുകൾ വീക്ഷിക്കുകയെന്നതിനെപ്പറ്റി പല മെമ്പർന്മാരും അഭിപ്രായം പറഞ്ഞുകഴിഞ്ഞു. ഒരു മെമ്പർ പറഞ്ഞ അഭിപ്രായങ്ങൾ തന്നെ മറ്റു പലരും അനുകരിക്കുന്നതുകണ്ടു. അതായതു കല്യാണം കഴിച്ചുകൊടുക്കുമ്പോൾ സ്ത്രീധനമായിട്ടും പാത്രങ്ങളായിട്ടും ആഭരണങ്ങളായിട്ടും മറ്റും വലിയൊരു സംഖ്യ കൊടുക്കുന്നുണ്ടെന്നും അതുകൊണ്ടു സ്ത്രീകൾക്കു പുരുഷന്മാരെപ്പോലെ സമാവകാശം സ്വത്തിന്മേൽ അനുവദിച്ചുകൊടുത്താൽ അതു ആ കുടുംബത്തിനു വലിയ ദോഷം ചെയ്യുമെന്നും ഇവിടെ പറയുകയുണ്ടായി. പക്ഷെ ഈ ബില്ലിൽ അതിനൊക്കെ പരിഹാരം കാണ്മാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നു. സ്ത്രീധനം കൊടുക്കുന്നതുകൊണ്ടു് പുരുഷന്മാരേക്കാൾ കൂടുതൽ സ്വത്തുകൊടുക്കേണ്ടിവരുമെന്നു പറയുന്നതു് ബാലിശമാണു്. സ്ത്രീധനമായിട്ടും ആഭരണങ്ങളായിട്ടും മറ്റും കൊടുക്കുന്ന സംഖ്യകൂടി കഴിച്ചു മാത്രമേ അവരുടെ ഓഹരി കൊടുക്കാൻ പാടുള്ളുവെന്നു ഒരു വ്യവസ്ഥവെച്ചാൽ അതുകൊണ്ടു മറ്റുള്ളവർക്കു വരാവുന്ന നഷ്ടം തടുക്കാൻ കഴിയും. അങ്ങിനെയുള്ള വ്യവസ്ഥയോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

ഈ ബിൽ പാസ്സായാൽ അതുകൊണ്ടു് ആർക്കും ഒരു ദോഷവും വരാനില്ല. പക്ഷെ ഇന്നു നിലവിലിരിക്കുന്ന സാമുദായികദായക്രമമനുസരിച്ചു കുറച്ചൊരു വ്യത്യാസമുണ്ടാകാം. ഈ കാര്യത്തെ സംബന്ധിച്ചു ഒരു അനേഷണം നടത്താനൊ നിയമംമൂലം പരിശോധന നടത്താനൊ ഒരുങ്ങിയില്ലെങ്കിൽ നമ്മൾ പുരോഗമിക്കുകയില്ല. എന്തുകൊണ്ടു സ്ത്രീകൾക്കു സമാവകാശം കൊടുത്തുകൂടെ എന്നു ചോദിച്ചുതിനു സ്വത്തു മറ്റു കുടുംബത്തിലേയ്ക്കു മാറിപ്പോകുമെന്നാണു് ചിലർ എതിർവാദം കൊണ്ടുവരുന്നതു്. എന്നാൽ സ്ത്രീകളുടെ കുടുംബങ്ങളിൽ സ്വത്തുള്ളതുപോലെ അവരെ കല്ല്യാണം കഴിക്കുന്ന പുരുഷന്മാരുടെ കുടുംബങ്ങളിലും സ്വത്തുണ്ടാകും. അവിടെനിന്നു ഒരു സ്ത്രീയെ ഇവിടെ നിന്നു ഒരു പുരുഷൻ കല്ല്യാണം കഴിച്ചുകൊണ്ടുവന്നാൽ അവരുടെ സ്വത്തു് ഇവർക്കും കിട്ടും. അപ്പോൾ പിന്നെ എങ്ങിനെ നഷ്ടം വരും? പക്ഷെ വസ്തുക്കൾ വീതിക്കുന്ന കാര്യത്തിൽ കുഴപ്പം വരാം. ഇവിടെ പ്രസ്തുതിച്ച കൂട്ടത്തിൽ ഒരാൾ ഒരു ചെറിയ പറമ്പും വീടും മാത്രമുള്ള ഒരു കുടുംബത്തിനു ഈ നിയമം മൂലം ആ പറമ്പും വീടും ഇല്ലാതെയാകുമെന്നു ചൂണ്ടിക്കാണിച്ചു. പക്ഷെ അതൊക്കെ ഇന്നു നടപ്പിൽ ഇരിക്കുന്ന കാര്യങ്ങളല്ലെ! എട്ടോ പത്തൊ മക്കളുള്ള ഒരു കുടുംബം വീതിച്ചുല്ലെ ഇന്നു വിവാഹം കഴിച്ചുകൊടുക്കുന്നതു്? അതുകൊണ്ടു ആ കുടുംബം വിറ്റുപോകുന്നില്ല. അങ്ങിനെ പോകാതെയിരിക്കുന്നിടത്തോളം കാലം ഈ നിയമം മൂലം കുടുംബം നശിച്ചുപോകുമെന്നു പറയുന്നതിനു അർത്ഥമില്ല. ചിലപ്പോൾ ഈ ഓഹരിവീതം കൊണ്ടു ഒരു കുടുംബത്തിലെ കാരണവർക്കു നഷ്ടംവരാം. ഇങ്ങിനെയുള്ള നിയമം മൂലം പുരോഗമനപരമായ പരിഷ്ക്കാരത്തിനൊരുങ്ങുമ്പോൾ യാഥാസ്ഥിതികന്മാരും ധാരാളം സ്വത്തുള്ളവരുമായിരിക്കും അതിനെ എതുക്കുക. ഈ ബിൽ ഒരു സെലക്ടു കമ്മിറ്റിക്കു വിടുകയൊ, അല്ലെങ്കിൽ സർക്കുലേറ്റുചെയ്തു് അങ്ങിനെ പൊതുജനാഭിപ്രായം ആരാഞ്ഞു പിന്നീടു സെലക്ടു കമ്മറ്റിയെ ഏല്പിക്കുകയൊ ചെയ്താൽ നമ്മൾ മുന്നോട്ടുപോകാൻ ശ്രമിക്കുമ്പോൾ അതുതന്നെയായാരിക്കും അനുഭവം എന്നു ഞാൻ പറയുന്നു. എന്നാൽ ഈ അവകാശവാദത്തെ സംബന്ധിച്ചിടത്തോളം സാധാരണക്കാർക്കു അഭിപ്രായ വ്യത്യാസമില്ല. ഒരു വീടുമാത്രമുള്ളവർക്കു് എന്താണു വീതിക്കാനുള്ളതു്? അവിടെ ഒരു പെൺകുട്ടിയുണ്ടെങ്കിൽ എന്തെങ്കിലും അല്പം കൊടുത്തു വിവാഹം നടത്തുകയല്ലാതെ ഇവിടെ പറഞ്ഞുകേട്ടതുപോലെ നാലായിരവും അയ്യായിരവും കൊടുത്തു കല്ല്യാണം കഴിപ്പിക്കുന്നതിനു തുണിയുള്ളവർ ഈ രാജ്യത്തിൽ എത്രയുണ്ടു്? എത്രയും നിസ്സാരനിലയിൽ ജീവിതം നയിക്കുന്ന ഇവിടത്തെ സാധാരണക്കാർക്കു ഇവിടെ പറഞ്ഞുകേട്ട വാദങ്ങളൊന്നും ബാധകമല്ല. നിശ്ചയമായും ഇവിടത്തെ ധനാഢ്യന്മാരായിരിക്കും ഈ ബില്ലിനെ എതുക്കുക. വിദ്യാഭ്യാസമുള്ളവരും എതുക്കും. കാരണം അവർക്കു ഒരു സമ്പാദന മാർഗ്ഗമുണ്ടു്. ആ സമ്പാദ്യം കുടുംബത്തിൽ തന്നെ വെച്ചുപുലർത്തണമെന്നു ഉദ്ദേശവുമുണ്ടു്. തന്റെ മകൻ നല്ലൊരു ഡിഗ്രിയെടുത്തിട്ടുണ്ടെങ്കിൽ അവന്റെ വിവാഹത്തിനു നല്ലൊരു തുക സ്ത്രീധനമായി മേടിക്കണമെന്നു ആഗ്രഹിക്കുന്നവരാണു് പണക്കാരിലധികവും. അതിനൊരു മാറ്റം വരുത്തണമെങ്കിൽ ഇത്തരം നിയമംകൊണ്ടു സാദ്ധ്യമാകയുള്ളു. അങ്ങിനെയുള്ള ഒരു നില വരുത്താൻ എറണാകുളം വനിതാമെമ്പർ ഈ ബിൽ കൊണ്ടുവന്നതിൽ ഞാൻ അവരെ അനുമോദിക്കുന്നു. ഏതൊരു നിയമമായാലും അതുകൊണ്ടു ചിലർക്കൊക്കെ ദോഷമുണ്ടാകുമെന്നു കാര്യം നിശ്ചയമാണു്. എന്നാൽ ദോഷത്തേക്കാൾ അധികം ഗുണമാണുണ്ടാകുകയെങ്കിൽ ആ നിയമം പാസ്സാക്കാൻ മടിക്കേണ്ടതില്ല. അതിനാൽ ഭൂരിപക്ഷത്തിനു ഗുണകരമായ ഈ പരിഷ്ക്കാരത്തെപ്പറ്റി ഈ നിയമസഭ ഗാഢമായാലോചിച്ചു ശരിയായ ഒരു നിയമം കൊണ്ടുവരിയാണു വേണ്ടതെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. ഇങ്ങിനെയുള്ള പരിവർത്തനങ്ങൾക്കുള്ള പരിശ്രമം നടക്കുമ്പോൾ ഇന്നു നിലവിലുള്ള ആചാരങ്ങൾക്കു് എതിരാണല്ലൊ എന്നു വിചാരിച്ചു് ഉയർന്ന സ്ഥാനത്തു നില്ക്കുന്നവർ സാധാരണ എതുക്കുക പതിവാണു്. അങ്ങിനെയുള്ള എതുപ്പുകളൊന്നും കൂടാതെ ഈ നിയമത്തിനുവേണ്ടി ഒത്തു പരിശ്രമിച്ചാൽ എന്തു തകരാറാണു വരാനുള്ളതു്? സ്ത്രീധനമായി കൊടുക്കുന്ന സംഖ്യ അവർക്കു കൊടുക്കേണ്ടിവരുന്ന ഓഹരിയിൽനിന്നു കഴിച്ചു കൊടുക്കാൻ തീരുമാനിച്ചാൽ പിന്നെ എന്തു നഷ്ടമാണു വരാനുള്ളതു്? അങ്ങിനെ നമ്മൾക്കു് നഷ്ടമില്ലാത്ത നിലയിൽതന്നെ പരിഷ്ക്കരിച്ചു ഒരു നിയമമുണ്ടാക്കാൻ സാധിക്കും. എന്റെ സമുദായത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ കൊച്ചിൻ കൃസ്ത്യൻ സക്സെഷൻ ആക്ടനുസരിച്ചു നടപടിയാണുള്ളതു്. ഇങ്ങിനെ ഒരു ഭേദഗതി വരുന്നതിനുമുമ്പു് ഇന്ത്യൻക്രിസ്ത്യൻ സക്സെഷൻ ആക്ടനുസരിച്ചുള്ള നടപടിയാണു ഞങ്ങൾ സ്വീകരിച്ചിരുന്നതു്. ആ നിയമത്തിലും ചില വ്യത്യാസങ്ങൾ വരുത്തേണ്ടതുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Jacob]

അതിൽ പരിഷ്ക്കാരങ്ങളും വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഞാൻ ഈ ബില്ലിനെ അനുകൂലിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനെ ഒരു സെലക്ട് കമ്മിറ്റിക്കയയ്ക്കണം. എല്ലാജാതിമതസ്ഥന്മാരേയും ബാധിക്കുന്ന ഒരു ബില്ലായതുകൊണ്ട് ശരിയായ പൊതുജനാഭിപ്രായം രൂപീകരിക്കാനുള്ള എല്ലാ പരിശ്രമവും നടത്തുകയും, ഭൂരിപക്ഷാഭിപ്രായം അനുസരിച്ചു ബില്ലിൽ വേണ്ട പരിഷ്കാരങ്ങളും വരുത്തി അങ്ങിനെ ഈ ബിൽ ഇവിടെ അവതരിപ്പിച്ച അവതാരകിയുടെ ഈ ബില്ലിലെ തത്വം നടപ്പിലാക്കുകയും ചെയ്യുന്നതിന് ബഹുമാനപ്പെട്ട എല്ലാ മെമ്പർമാരുടെയും സഹകരണമുണ്ടായിരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ പി. നാരായണമേനോൻ: സർ, ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു. പക്ഷെ ഇതു് അങ്ങിനെ തന്നെ പാസ്സാക്കണമെന്ന അഭിപ്രായം എനിക്കില്ല. ഗൌരവമായി ആലോചിച്ചു മാറ്റം വരുത്തേണ്ട പല ഭാഗങ്ങളും ഈ ബില്ലിലുണ്ട്. ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും രാജ്യകാര്യങ്ങളെ സംബന്ധിച്ചതാണ് വലിയ വ്യത്യാസം. ആൺകുട്ടികളുടെ രാജ്യം അച്ഛന്റെ രാജ്യമാണ്. പെൺകുട്ടിയുടെരാജ്യം ഭർത്താവിന്റെ രാജ്യമാണ്. ഇങ്ങിനെ വലിയൊരു വ്യത്യാസം ആൺകുട്ടികളേയും പെൺകുട്ടികളേയും സംബന്ധിച്ചുണ്ട്. ഈ നിലയിൽ സ്ഥാവരവസ്തുക്കൾ തുല്യമായി വീതിച്ചുകൊടുക്കുകയാണെങ്കിൽ ഒരു പെൺകുട്ടി മറ്റു രാജ്യങ്ങളിലേക്കു കല്ല്യാണം കഴിച്ചുകൊണ്ടു പോയാലും പെൺകുട്ടി ജനിച്ച രാജ്യത്തിൽ അവർക്കു ചില അധികാരങ്ങളും അവകാശങ്ങളും ഉണ്ടായിരിക്കും. ഇങ്ങിനെ ഈ രാജ്യത്തിലെ പെൺകുട്ടികളെ കല്ല്യാണം കഴിച്ചു പുരുഷന്മാർക്കു ഈ രാജ്യത്തിൽ അധികാരാവകാശങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതുമൂലം രാഷ്ട്രീയകാര്യങ്ങളിൽ എന്തെല്ലാംമാറ്റം വരാമെന്നുള്ള കാര്യം ആലോചിക്കേണ്ടതുണ്ട്. അതു പ്രധാനമായി ആലോചിക്കേണ്ട ഒരു സംഗതിയാണ്. റഷ്യ സമതാസുന്ദരമായ ഒരു രാജ്യമാണെന്നു പറയുന്നു. ആ രാജ്യത്തിൽ വിവാഹത്തെ സംബന്ധിച്ചു ചില നിയമങ്ങളൊക്കെ ഉണ്ടാക്കീട്ടുണ്ടെന്നു ഈയിടെ നമ്മൾ പത്രത്തിൽ കാണുകയുണ്ടായി. അതായതു, ഒരു പുരുഷനു അന്യരാജ്യത്തിൽ നിന്നു കല്ല്യാണം കഴിക്കാൻ പാടില്ല. അവിടെ അങ്ങിനെ കർക്കശമായ ഒരു നിയമം നടപ്പാക്കീട്ടുണ്ട്. അതിനു കാരണം, അന്യരാജ്യങ്ങളിലെ രാഷ്ട്രീയകാര്യങ്ങളിൽ താല്പര്യമുള്ളവർ റഷ്യയിലുണ്ടായിരിക്കാൻ പാടില്ലെന്നുള്ളതാണ്. അങ്ങിനെയുള്ളവരുണ്ടായാൽ അവർ ദ്വംപത്തികളായിത്തീരാനിടയുണ്ട്. ഇങ്ങിനെ എല്ലാ കാര്യങ്ങളിലും മുന്നോട്ടുപോയിട്ടുള്ളവർ, പ്രജായത്തസിദ്ധാന്തത്തിന്റെ അത്യുച്ചസ്ഥാനത്തെത്തീട്ടുള്ളവർപോലും വിവാഹത്തെ സംബന്ധിച്ചു അങ്ങിനെ ഒരു നിയമം എടുത്തിരിക്കുന്ന ഇക്കാലത്തു രാഷ്ട്രീയമായ പല അഭിപ്രായഭിന്നതകളും കൂടിക്കൂടി വരുന്ന ഇക്കാലത്തു് ഈ ബിൽ എത്രത്തോളം സ്വീകാര്യമാണെന്ന കാര്യത്തെക്കുറിച്ചു ഗൌരവമായി ചിന്തിക്കേണ്ടതാണ്.

മിസ്റ്റർ കെ. അയ്യപ്പൻ: സമാവകാശമില്ലാതെ കുറെ അവകാശമുണ്ടെങ്കിലും ഈ പറഞ്ഞ വിഷമംവരാൻ പാടില്ലെ? ഇപ്പോഴും കുസ്സാനികൾക്കു മൂന്നിലൊന്നു അവകാശമുണ്ട്. അപ്പോൾ ആ ഉള്ള അവകാശത്തിനനുസരിച്ചു ദ്വംപത്തിപ്പണി ഇവിടെ നടത്തരുതെ?

മിസ്റ്റർ പി. നാരായണമേനോൻ: ഇപ്പോഴും ഇന്ത്യാക്കാർ മറ്റു രാജ്യക്കാരുമായി വിവാഹബന്ധത്തിൽ പെടാറില്ല. നേരെ മറിച്ചു മേലിൽ ചൈനയായിട്ടോ ബർമ്മ ആയിട്ടോ ജപ്പാനായിട്ടോ മറ്റേതെങ്കിലും രാജ്യങ്ങളുമായിട്ടോ ഇന്ത്യാക്കാർ വിവാഹബന്ധത്തിലേർപ്പെടുന്നപക്ഷം ഈ നിയമം ഉണ്ടായാൽ രാഷ്ട്രീയമായ കുഴപ്പത്തിന്നിടവരാവുന്നതാണ്.

മിസ്റ്റർ കെ. അയ്യപ്പൻ: അതിപ്പോഴം ഉണ്ടാകരുതെ, മുഴവനും ഇല്ലെങ്കിലും മൂന്നിലൊന്നു അവകാശം ഇപ്പോൾ ഇല്ലെ? അപ്പോൾ പിന്നെ ഈ Full-ം മൂന്നിലൊന്നും തമ്മിലുള്ള വ്യത്യാസമെന്താണ്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനുള്ള വ്യത്യാസമുണ്ട്.

മിസ്റ്റർ കെ. അയ്യപ്പൻ: നായർ സമുദായത്തിൽ ഈ വ്യത്യാസമില്ല. കൊച്ചിയിലും തിരുവിതാംകൂറിലും ബ്രിട്ടീഷിലും ഒരേ നിയമം തന്നെയല്ലെ?

മിസ്റ്റർ പി. നാരായണമേനോൻ: പക്ഷെ അവക്കു മക്കത്തായമില്ല. സ്ത്രീകളുടെ രാജ്യം അവർ ജനിച്ച രാജ്യവും പുരുഷന്മാരുടെ രാജ്യം അവർ ജനിച്ച രാജ്യവും തന്നെ ആയിരിക്കും. മക്കത്തായക്കാർക്കു അതല്ല. ഒരു ബ്രാഹ്മണനു ദ്വ പെൺമക്കളുണ്ടെങ്കിൽ അതിൽ ഒരാളെ കോയമ്പത്തൂരിലും, മറ്റൊരാളെ മൈസൂറിലും വേറൊരാളെ തിരുനെൽവേലിയിലും

LIBRARY ARCHIVES Kerala Legislative Assembly

ആയിരിക്കും കല്ല്യാണം കഴിച്ചു കൊടുത്തിരിക്കുക. അങ്ങിനെ ആ പെൺകുട്ടികളുടെ രാജ്യം അന്യരാജ്യങ്ങളായിത്തീരുന്നു. അപ്പോൾ ഇവിടെ നിന്നുപോയ ആ പെൺകുട്ടികൾക്ക ഈ രാജ്യത്തിലെ സ്വത്തിനു് അവകാശമുണ്ടെന്നുവന്നാൽ അവർ ആ രാജ്യക്കാരുടെ അഞ്ചാം പത്തികളാകുവാൻ ഇടയുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ: ഇപ്പോൾതന്നെ നായന്മാക്കും മുസ്ലിമങ്ങൾക്കും ഈ അവകാശമുണ്ടെന്നിരിക്കെ ബ്രാഹ്മണക്ക മാത്രം ഈ അവകാശം കൊടുത്താൽ അവരിൽനിന്നു അഞ്ചാംപത്തികളുണ്ടാകുമൊ ?

മിസ്റ്റർ പി.. നാരായണമേനോൻ: ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. നേത്രരോഗാശുപത്രി ഇവിടെ വരുന്നതിനുമുമ്പു് നേത്രരോഗികൾ ഇത്രമാത്രം ഈ രാജ്യത്തുണ്ടായിരിക്കുംഎന്നു ഞാൻ വിചാരിച്ചിരുന്നില്ല. അതുപോലെ ഇന്നു മുന്നിലൊന്നു അവകാശമുള്ളവർ അന്യരാജ്യത്തുള്ളതുകൊണ്ടു് അവർ രാഷ്ട്രീയമായി എത്രമാത്രം ഉപദ്രവം ഈ രാജ്യത്തുണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ടെന്നുള്ളതിനെപ്പറ്റി അന്വേഷണം നടത്തീട്ടില്ല; നടത്തിയാലെ അറിയുകയുള്ളൂ. ഇതെല്ലാവരേയും ബാധിക്കുന്ന കാര്യമായതുകൊണ്ടു് അതിനെപ്പറ്റി ആലോചിക്കേണ്ടതാണു്. ഇന്ത്യാക്കാർ മറ്റു രാജ്യങ്ങളുമായി ഇതുവരെ വിവാഹബന്ധത്തിലേർപ്പെട്ടിട്ടില്ല. കുറച്ചുകാലം കഴിഞ്ഞാൽ ഈ സ്ഥിതി ഒക്കെ മാറും. അന്നു ഇന്ത്യയിൽ നിന്നു ചൈനയിലേക്കും ജപ്പാനിലേക്കും ഇൻഡോ ചൈനയിലേക്കും സയാമിലേക്കും മറ്റും വിവാഹം ചെയ്തു കൊണ്ടുപോയി എന്നു വരും. അപ്പോൾ സ്ത്രീകൾക്കു് ഇന്ത്യയിൽ സ്വത്തവകാശമുണ്ടായിരിക്കയെന്നു വന്നാൽ അതുകൊണ്ടുണ്ടാകാവുന്ന രാഷ്ട്രീയ വിഷമതകളെ കുറിച്ചാലോചിക്കേണ്ടതാണു്. അങ്ങിനെ കുഴപ്പമുണ്ടാകണമെന്നില്ല. ഉണ്ടായാൽ അതിനു നിവൃത്തിമാർഗ്ഗമുണ്ടാക്കാൻ വിഷമമാണു്. ഇങ്ങിനെയുള്ള പല കാര്യങ്ങളെക്കുറിച്ചും ചിന്തിച്ചിട്ടുവേണം ഈ ബിൽ നിയമമാക്കാൻ. അതിനാൽ ഈ ബിൽ ഒരു സിലക്ട് കമ്മിറ്റിക്കയക്കുന്നതിനുമുമ്പു് പൊതുജനാഭിപ്രായം അറിയുന്നതിനു സർക്കുലേറ്റു ചെയ്യുകതന്നെ വേണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: സർ, ഈ വിഷയത്തെ ഒരു പ്രത്യേക വെളിച്ചത്തിൽക്കൂടി വീക്ഷിക്കണമെന്നു പറയുവാനാണു് ഞാൻ എഴുന്നേറ്റു നില്ക്കുന്നതു്. ഇവിടെ സംസാരിച്ചവരൊക്കെ അവനവന്റെ സമുദായത്തിനു വേണ്ടിയാണു് സംസാരിച്ചതെന്നു തോന്നുന്നുണ്ടു്. അങ്ങിനെ ഓരോ സമുദായത്തിന്റെ കാര്യം മാത്രമാണോ ഈ വിഷയത്തിൽ ചിന്തിക്കാനുള്ളതു് ? ഇവിടെ വാദപ്രതിവാദം ചെയ്ത വിഷയം സ്വത്തവകാശത്തെയും ദായക്രമത്തെയും സംബന്ധിച്ചതാണു്. അതു് ഓരോ സമുദായക്കാർക്കു് പ്രത്യേകം പ്രത്യേകം ആയിരിക്കണമെന്നൊ ഓരോ മതക്കാർക്കു് പ്രത്യേകം പ്രത്യേകമായിരിക്കണമെന്നൊ പറയുന്നതിനു്, അങ്ങിനെ വളരെ ഇടുങ്ങിയ ഒരു വൃത്തത്തിൽനിന്നു് അതിനെ വീക്ഷിക്കുന്നതിനു ഇടയാക്കിയ മനഃസ്ഥിതിയെക്കുറിച്ചാലോചിക്കാൻ വിഷമമാണു്. നമ്മുടെ രാജ്യം ഭൌതികമായ വീക്ഷണഗതി വെച്ചുനോക്കുന്ന രാജ്യമായിരിക്കണം., അദ്ധ്യാത്മികമായാൽ പോരാ. ആദിഭൌതികമായി നോക്കുന്ന ഒരു രാജ്യമായിരിക്കണമെന്നു ഊന്നിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. മതത്തെ അടിസ്ഥാനപ്പെടുത്തിയല്ല ഭൌതികകാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം ഈ വിഷയത്തെപ്പറ്റി ചിന്തിക്കേണ്ടതെന്നുവെച്ചാണു് ഞാൻ "ആദിഭൌതിക"വാദത്തെ ഇവിടെ കൊണ്ടുവന്നതു്. ഇവിടെയുള്ള രണ്ടു മുസ്ലീം മെമ്പർമാരും അവരുടെ സമുദായക്രമത്തേയും സ്വത്തവകാശത്തേയും കുറിച്ചുവിവിടെ പറഞ്ഞു. ഇന്നത്തെ സമ്പ്രദായത്തിൽനിന്നു അണുപോലും വ്യത്യാസം വരുത്താൻ പാടില്ലെന്നുള്ള നിർബ്ബന്ധമാണു് അവക്കുള്ളതു്. ഇങ്ങിനെ മറ്റുള്ളവരെന്തൊക്കെ മാറ്റം വരുത്തിയാലും തങ്ങളുടെ നിയമത്തിൽ തെല്ലും മാറ്റംവരുത്താൻ പാടില്ലെന്ന മുസ്ലീമിങ്ങളും, ക്രൂസ്ത്യൻ സമുദായത്തിലെ നിയമങ്ങളും അതേമാതിരി നിലനിറുത്തണമെന്നു് അവരും, ഇങ്ങിനെ ഇന്ത്യയിലെ ഓരോ സമുദായവും അവരവരുടെ ഇന്നു നിലവിലുള്ള പ്രത്യേക സമ്പ്രദായങ്ങളും തന്നെ നിലനിറുത്തണമെന്നു വാദിക്കുന്നപക്ഷം ഈ രാജ്യത്തിൽ എന്നും അസമതാങ്ങളും അനൈക്യതകളും നിലനിൽക്കുമെന്നു് ഓർമ്മിക്കേണ്ടതാണു്. ഒരു സെക്കുലർ സ്റ്റേറ്റു് (ആദിഭൌതികരാഷ്ട്രം) എന്ന നിലയിൽ നമ്മുടെ രാജ്യം മുന്നോട്ടുപോകണമെങ്കിൽ ഈ സ്ഥാവരസ്വത്തുക്കളുടെ മേലുള്ള അവകാശത്തെയൊ, ജംഗമങ്ങളുടെ മേലുള്ള അവകാശത്തെയൊ ആചാരത്തിന്റേയും മതത്തിന്റേയും പേരിൽ വിഭിന്നമായ രീതിയിൽ കണക്കാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. V. R. Krishnan Ezhuthassan]

ക്കുന്നതു് ആപത്താണു്; അനാവശ്യമാണു്. പുരാതനകാലങ്ങളിൽ, ഒരുപക്ഷെ ചരിത്രാതീതകാലങ്ങളിൽ ജീവിച്ചിരുന്ന ആളുകൾ അന്നത്തെ പരിതസ്ഥിതികളും സൌകര്യങ്ങളും ആവശ്യങ്ങളുമനുസരിച്ചു് ഉണ്ടാക്കീട്ടുള്ള വ്യവസ്ഥകളാണു് ഇന്നും നിലനില്ക്കുന്നവയിൽ പലതും. അറേബ്യായിൽ ജീവിച്ച മഹമ്മദു് നബിയുടെയൊ, പാലസ്തീനിൽ ജീവിച്ച കൃസ്തുവിന്റേയൊ കാലത്തുണ്ടായിരുന്ന സമ്പ്രദായമനുസരിച്ചു അവിടത്തെ ജനങ്ങളുടെ നടപടികൾ ഇന്നായിന്നവിധത്തിലായിരിക്കണമെന്നു് ആചാര്യന്മാർ നിശ്ചയിച്ചിട്ടുണ്ടായിരുന്നു എന്നു വിചാരിക്കുക. ഈശ്വരനെ സംബന്ധിച്ചു്, മതപരമായ കാര്യങ്ങളെ സംബന്ധിച്ചു മാത്രമല്ല അതിലുണ്ടായിരുന്നതു്. ജീവിതത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളെപ്പറ്റിയുള്ള വ്യവസ്ഥകളുമുണ്ടായിരുന്നു. ആ വ്യവസ്ഥകൾ ഓരോ ദേശത്തിലേയും പരിതസ്ഥിതികളനുസരിച്ചു ഓരോ തരത്തിലായിരുന്നു. ഇന്ത്യയിൽതന്നെ ഓരോ പ്രദേശത്തും ഓരോതരത്തിലുള്ള വ്യവസ്ഥകളാണു്. ഓരോ സമുദായത്തിനും പ്രത്യേകം വ്യവസ്ഥകൾ കാണാം. ഇങ്ങിനെ ഓരോരോ കാലത്തു അന്നന്നത്തെ ചുറ്റുപാടുകളനുസരിച്ചു് ഓരോരോ ദേശങ്ങളിൽ വിവിധങ്ങളായ സമ്പ്രദായങ്ങളുണ്ടായിരുന്നുവെന്നുള്ളതുകൊണ്ടു് അതു് ഇനിയും നിലനിറുത്തണമെന്നു പറയുന്നതു് മൌഢ്യമല്ലാതെ എന്താണു്? നമ്മൾ ഇന്നു ജീവിക്കുന്നതു് അന്നത്തേക്കാൾ വളരെ വ്യത്യാസപ്പെട്ട ഒരു ലോകത്തിലാണു്. ഇന്നു് ക്രിസ്ത്യാനികൾക്കും മുഹമ്മദീയർക്കും ഹിന്തുക്കൾക്കും വിവിധങ്ങളായ, വിഭിന്നങ്ങളായ നിയമങ്ങളുണ്ടായതുകൊണ്ടു് ഒരു പ്രയോജനവുമില്ലെന്നു യുക്തിപൂർവ്വം മനസ്സിലാക്കാൻ കഴിയും. അവനവന്റെ പാരമ്പര്യമനുസരിച്ചുള്ള അവനവന്റെ സമ്പ്രദായങ്ങൾ നല്ലതാണെന്നു സാധാരണതോന്നുന്നതാണു്. അതിൽനിന്നു സല്പമെങ്കിലുമൊരു വ്യതിയാനം വരുത്തുമ്പോൾ ചില ചില്ലറ ബുദ്ധിമുട്ടുകളുണ്ടാകുമെന്നല്ലാതെ അതിൽ കവിഞ്ഞു യാതൊന്നും തടസ്സമായുണ്ടാകാനിടയില്ല.

Mr. President: The House now stands adjourned till 11-30 a.m. to-morrow.

The House rose for the day at 5 O' clock.

N. I. OUSEPH,
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly

50. Mr. K. Natarajan Chettiar, M.L.C., Nemmara
51. Mr. S. Govinda Menon, High Court Judge, Ernakulam
52. Mr. P. A. Mohammed Ashroff, M.L.C., Ernakulam
53. Mr. T. K, Paul, Manaloor
54. H. H. Kerala Varma, 5th Prince, Trippunithura
55. Mr. P. C. Cherian, Ernakulam
56. Mr. M. C. Verghese, Ernakulam
57. M/S South Indian Corporation Ltd., Ernakulam
58. Mr. K. K. Francis, General Merchant, Trichur
59. Mr. M. D. Verghese, Central Bank of India Ltd., Trichur
60. Rao Sahib T. Verghese, Chief Medical Officer

"B" Sub-division (e)

Names of persons who possessed cars and to whom new cars have been allotted.

1. Mr. N. O. Inasu, Trichur
2. Mr. C. R. Mannadiar
3. Mr. M. M. Paul
4. Mr. K. Madhava Menon
5. Dr. A. K. Kunhalu
6. Mr. V. K. R. Menon
7. Rama Varma Thampuran

APPENDIX III

THE COCHIN PANCHAYAT ACT (AMENDING) BILL

Whereas it is expedient to amend the Cochin Panchayat Act, XX of 1120 it is hereby enacted as follows.—

I. This Act may be called the Cochin Panchayat (Amendment Act of 1122.

II. It shall come into force at once.

III. Substitute the following for Section 11 of the Panchayat Act, XX of 1120.—

"11. No person shall be qualified for election to any seat on a Panchayat unless

(a) his name appears on the Electoral Roll

(b) and he has completed his twentyfith year of age".

Statement of Objects and Reasons

It is not necessary to fix any literacy or property qualification for a voter to stand as a candidate for election. This is not insisted on in the case of a candidate seeking election to the Legislative Council. Literacy or property qualifications is no test of political education. However, it is not likely that the electorate would elect an illiterate as their representative. Moreover, this literacy qualification would create complications in fixing as to what should be the test of literacy. Hence this Bill.

(Sd.)
P. K. DEWER

APPENDIX IV

THE WOMEN'S FUNDAMENTAL RIGHT TO PROPERTY BILL

Whereas it is deemed expedient to provide that the shares of sons and daughters in the properties of their fa her and mother irrespective of the caste, creed or community to which they belong, shall be equal. It is hereby enacted as follows.—

1. *Short title, extent and cmmencement.* (1) This Act may be called the Women's Fundamental Right to Property Act, of 112

(2) It extends to the whole of Cochin State and shall come into force atonce.

2. *Womens right to property of parents.* Notwithstanding anything to the contrary contained in any other law or custom, the share of a daughter in the properties, moveable or immovable, of her father and mother shall be equal to the share of a son irrespective of the caste, creed or community to which the father and mother belong.

LIBRARY ARCHIVES Kerala Legislative Assembly

Statement of Objects and Reasons

Although in certain communities in Cochin Women enjoy economic privilages, by the daughter receiving an equal share with that of her brother from her father's or mother's properties, in general the women of Cochin do not receive equal or just treatment in the division of their parental properties. The daughter is given a very meagre or paltry amount during her marriage, in cash or in jewels. Even this is not, for all practical purposes, left at her disposal but it goes to her husband's family and is generally absorbed there. The position of a married woman, with no independent means of support, is unenviable. She is economically a cipher both in her parents' home as well as in her husband's home. The plight of an unmarried woman or widow is very hard, especially on the death of her parents. A woman in this enlightened State of Cochin is always a dependent in spite of certain Succession Acts, etc., which, in the majority of cases, exist only in statutory books. This unjust treatment of women is very often the cause of dissension and civil strife between brothers and sisters and the ultimate ruin of many Tarwads. The world in general, and India in particular, has been considering seriously the question of remedying this state of affairs in the U. N. O. and the Indian Constituent Assembly.

It is very obvious that the standard of life of a people cannot be raised unless the economic condition of their women is raised. It is significant that those communities in which daughters enjoy equal economic privileges with sons maintain a higher standard of life than those in which woman do not receive equal treatment. The present standard of life in India is far from satisfactory and there have been insistent demands from women all over India and other places for recognising women's fundamental right to the properties of their parents. Hence the need for this kind of legislation.

(Sd.)

T. FRANCIS

CLC V—5

LIBRARY ARCHIVES Kerala Legislative Assembly